KOTTAYAM PUBLIC LIBRARY

Call No. M൯൧൦ Acc. No. 13641

Author [illegible]

Title സൂയസ്സ് കനാൽ

1214

# സൂയസ്സ് കനാൽ

ഗ്രന്ഥകർത്താവ്:—
ജ: കെ. സി. കോമുക്കുട്ടിമൌലവി.

13641

X

പ്രസാധന്മാർ :—
പി. കെ. ബ്രദേർസ്,
കോഴിക്കോട്.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

(വില : എട്ടണ.)

First Edition 1956.

Copyright to publishers.

***P. K. Brothers, Calicut.***
Registered Publishers.
Regd. No. 66

Printed at
The Prakasakaumudi Printing Works,
Calicut.

# മുഖവുര.

സൂയസ്സ് കനാലിൻെറ ദേശസാൽക്കരണത്തെപ്പോലെ ലോകത്തിൻെറ ദൃഷ്ടിയെ ആകമാനം ആകർഷിച്ച മറെറാരു സംഭവം അടുത്തകാലങ്ങളിൽ ഉണ്ടായിട്ടില്ല. സാമ്പത്തികമായും സാങ്കേതികമായും സർവ്വോപരി സൈനികമായും ഈ കനാലിനുള്ള പ്രാധാന്യം സീമാതീതമാണു്. ആ സ്ഥിതിക്കു് അതു ലോകസമാധാനത്തെ വെല്ലുവിളിച്ചതിൽ അത്ഭുതവുമില്ല. പടിപടിയായി നടന്ന പടയൊരുക്കങ്ങളെയെല്ലാം ചാടിക്കടന്നുകൊണ്ടു പരസ്പരകൂടിയാലോചനയുടെ വഴിത്തിരിവിൽ എത്തിച്ചേർന്ന ഈ പ്രശ്നമിനി സമാധാനമാർഗ്ഗത്തിൽക്കൂടിത്തന്നെ കലാശിക്കുമെന്നു് പ്രതീക്ഷിക്കാം. സൂയസ്സ് കനാലിനെ രണ്ടാം ലണ്ടൻ കോൺഫ്രൻസിൻെറ തീരുമാനപ്രകാരം സ്ഥാപിതമാകുന്ന അന്താരാഷ്ട്രസമിതിക്കു വിട്ടുകൊടുക്കണമെന്നു് ബ്രിട്ടനും ഫ്രാൻസും സെക്യൂറിററി കൌൺസിലിനോടു് അപേക്ഷിച്ചതനുസരിച്ചു നാളെത്തന്നെ സെക്യൂറിററി കൌൺസിൽ യോഗം കൂടുകയാണു്. ഈജിപ്തും യോഗത്തിൽ പങ്കെടുക്കുന്നുണ്ടു്.

1888-ലെ കോൺസ്റ്റാണ്ട്നോപ്പിൾ കൺവെൻഷനെയാണല്ലോ ആംഗ്ലോ ഫ്രാൻസ് പൊക്കിപ്പിടിക്കുന്നതു്. ആ കൺവെൻഷൻ തീർപ്പുകൾ ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. നശിച്ചുകഴിഞ്ഞിട്ടുള്ള ഒക്ടോ

മാൻ തുർക്കികളും തുർക്കിയെ കഴിച്ചാൽപ്പിന്നെ ഈജി പ്തിന്നുമാണു്, കനാൽ കൈകാര്യത്തിന്നുള്ള അധികാര മെന്നു് ആ കരാറുതെളിയിക്കുന്ന സ്ഥിതിക്കു് ദേശസാ ല്ക്കരണംകൊണ്ടു കരാർ ലംഘിച്ചുവെന്നുള്ള വാദം അടി സ്ഥാനരഹിതമാണെന്നു് ഈജിപ്തു് വാദിക്കാതിരിക്ക യില്ല. ഈ വാദത്തിൽ 18 രാഷ്ട്രങ്ങൾ പാശ്ചാത്യശക്തി കളെ അനുകൂലിക്കുകയാണെങ്കിൽ 36 രാഷ്ട്രങ്ങൾ ഈജി പ്തിനെയും അനുകൂലിക്കും. അവയ്ക്കെല്ലാം സെക്യൂറിററി കൌൺസിലിൽ ശബ്ദമുയർത്താൻ കഴിഞ്ഞില്ലെന്നു വരാം. എങ്കിലും റഷ്യക്കു വീറേറാ അധികാരമുണ്ടല്ലോ. ഏതായാലും പ്രശ്നം സമാധാനമാർഗ്ഗത്തിലേക്കു് തിരി ഞ്ഞുകാണുന്നതു് സന്തോഷകരമാണു്. ഇതുവരെ നട ന്നിട്ടുള്ള സംഭവങ്ങളുടെ ഒരു സാമാന്യവിവരണമാണു് ഈ ചെറുപുസ്തകത്തിലടങ്ങിയിരിക്കുന്നതു്. വായനക്കാർ ഇതിനെ സഹർഷം സ്വാഗതം ചെയ്യുമെന്നു് വിശ്വസി ക്കുന്നു.

കോഴിക്കോട്ടു്,
25—9—1956.

ഗ്രന്ഥകർത്താ:—

# സൂയസ്സ് കനാലിന്റെ ചരിത്രം.

## I

സൂയസ്സ് കനാലിന്റെ കഥ വളരെ പുരാതനമാണു്. ബി. സി. 1887-ൽ എന്നുവെച്ചാൽ സുമാർ 4000 കൊല്ലങ്ങൾക്കു മുമ്പു് ഫിർഔൻ രാജാക്കന്മാരുടെ (ഫറാവോൺ) ഭരണകാലത്തു് ഇപ്പോൾ നൈൽനദി ഒഴുകുന്ന ഭാഗം വഴിയായി മദ്ധ്യധരണ്യാഴിയും ചെങ്കടലും പരസ്പരം ഒരു ഇടുക്കുകടൽമൂലം ബന്ധിക്കപ്പെട്ടാണു് സ്ഥിതി ചെയ്തിരുന്നതു്. ഫിർഔൻ രാജാക്കന്മാരുടെ അധഃപതനത്തിന്നുശേഷം ആ ഇടുക്കുകടൽ തൂർന്നു പോയി. പിന്നീട്ടു് ഈജിപ്തു് രാജ്യം പേർഷ്യൻ സാമ്രാജ്യത്തിന്റെ കീഴിലായപ്പോൾ ആ ഇടുക്കുകടൽ പുനരുദ്ധരിക്കപ്പെട്ടു. എങ്കിലും ഗവർമ്മേണ്ടിന്റെ നോട്ടക്കുറവുനിമിത്തം പിന്നെയും ആ കടൽ മാർഗ്ഗം തൂർന്നുപോയി. അനന്തരം അറബികളുടെ ഭരണം ആസന്നമായപ്പോൾ ഹസ്രത്ത് ഉമറിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയാതിരുന്നില്ല. അദ്ദേഹം ആദ്യമുണ്ടായിരുന്ന ജലമാർഗ്ഗത്തെ പുനരുദ്ധരിച്ചിരുന്നതായി പ്രസ്താവമുണ്ടു്. എങ്കിലും അതു് അടുത്ത കാലത്തുതന്നെ പിന്നെയും തൂർന്നുപോയെന്നുള്ളതിൽ സംശയമില്ല. ആധുനിക കാലത്തു് നെപ്പോ

ളിയനും കീഴുദ്യോഗസ്ഥന്മാരുമാണു് കനാൽ നിർമ്മാണ ത്തെപ്പററി ആദ്യമായാലോചിച്ചതു്. എങ്കിലും അവർക്കും പ്രത്യേകമായൊന്നും ചെയ്യാൻ സാധിച്ചില്ല. രണ്ടു സമുദ്രങ്ങളുടെയും നിരപ്പിൽ ഏതാനും മീററിന്റെ വ്യത്യാസമുള്ളതായിട്ടാണു് നെപ്പോളിയന്നു അറിവുകിട്ടിയതു്. അതുകൊണ്ടു അദ്ദേഹവും കൂട്ടുകാരും തല്ക്കാലം ആ ഉദ്യമത്തിൽനിന്നു പിന്മാറുകയാണു് ചെയ്തതു്.

ഖുദൈവ് വംശത്തിലെ പ്രഥമ നാടുവാഴിയായ മുഹമ്മദലിപാഷാ തുർക്കിയുടെ വൈസ്രോയിയായി നിന്നുകൊണ്ടു് ഈജിപ്തിൽ സ്വതന്ത്രവാഴ്ച സ്ഥാപിച്ച ആളാണു്. അദ്ദേഹം സമൎത്ഥനായ ഒരു നാടുവാഴിയായിരുന്നു. അദ്ദേഹം ഒരു കനാൽ നിർമ്മാണത്തിന്നു പ്ലാൻ തെയ്യാറാക്കാൻ ഉയർന്ന എഞ്ചിനീയർമാരെ നിയോഗിച്ചു. എങ്കിലും ഡാഡ്നൽസും ബോസ്പ്രസ്സും നിമിത്തം തുർക്കിക്കുനേരിട്ടുകൊണ്ടിരുന്ന അതേ വിഷമതകൾ കനാൽ കാരണമായി ഈജിപ്തിന്നും നേരിട്ടേക്കുമെന്ന ഭയം മുഹമ്മെദലി പാഷയെ അലട്ടിക്കൊണ്ടിരുന്നതിനാൽ അദ്ദേഹം അവസാനമതു വേണ്ടെന്നുവെക്കുകയാണു് ചെയ്തതു്.

ഖുദൈവു് സന്തതികളിൽപ്പെട്ട സയിദ് പാഷാ 1854-ൽ ഈജിപ്തിൽ വൈസ്രോയിയായി. അദ്ദേഹം ഈ പദ്ധതി പുനരാലോചനക്കെടുത്തു. ഈജിപ്തിലെ ഫ്രഞ്ച് പ്രതിനിധി കാര്യാലയത്തിൽ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്ന ഫർഡിനണ്ട് ഡിലിസ്സിസ് (Ferdinand Delesseps) സയീദ്പാഷയുടെ ഒരു സ്നേഹിതൻ

യിരുന്നു. അദ്ദേഹം കനാൽ നിർമ്മാണത്തിന്നു സയീദ് പാഷയെ ഉത്സാഹിപ്പിച്ചു. ഒന്നാമതു് 1854-ലും രണ്ടാമതു് 1856-ലും സയീദ്പാഷാ കനാൽ നിർമ്മാണത്തിന്നനുവദിച്ചുകൊണ്ടുള്ള സന്ദേശങ്ങളിൽ ഒപ്പുവെച്ചു. അങ്ങിനെ 1859-ൽ ഡിലീസ്സിസ് 20 കോടി ഫ്രാങ്ക് മൂലധനത്തിന്മേൽ ഒരു കമ്പനി സ്ഥാപിച്ചു. ആ മൂലധനം ഓഹരിക്കു 500 ഫ്രാങ്ക് വരുന്ന 4 ലക്ഷം ഓഹരിയായിട്ടാണു് വീതിച്ചിരുന്നതു്. പിന്നീടു് ഓഹരി സംഖ്യ പകുതിയാക്കിക്കൊണ്ടു് ഓഹരിത്തുക 8 ലക്ഷമാക്കി. സയീദ്പാഷാ അനുവദിച്ച ആനുകൂല്യങ്ങൾ ഈജിപ്തിനെ സംബന്ധിച്ചേടത്തോളം അനാശാസ്യവും ആപൽക്കരവുമായിട്ടാണ് പരിണമിച്ചതു്. സയീദ്പാഷാ സൂയസ്സ് കനാൽ കമ്പനിക്കു അനുവദിച്ചിരുന്നത്ര ആദായകരമായ ആനുകൂല്യം മുമ്പൊരിക്കലും ഒരാളും ആൎക്കും അനുവദിച്ചിട്ടില്ലെന്നു എഡ്വേർഡ്ഡെക്കെ തന്റെ "ഈജിപ്ത് ഖുദൈവിന്റെ കഥ" എന്ന പുസ്തകത്തിന്റെ 48-ാം പേജിൽ പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ അനുസ്മരണീയമാണു്.

കമ്പനി നിലവിൽ വരാനായി കൈമാററം പാടില്ലെന്നുള്ള വ്യവസ്ഥയോടുകൂടി 176000 ഓഹരി സയിദ്പാഷ തന്നെ എടുത്തിട്ടുണ്ടായിരുന്നു. ഒട്ടാകെ ഷെയറിന്റെ പകുതിയോളം വരുന്ന ഈ തുക ഈജിപ്തിന്റെ കഴുത്തു ഞെക്കാൻ പൎയ്യാപ്തമായിരുന്നുവെന്നതിൽ സംശയമില്ല. മറെറാരു ഉടമ്പടി പ്രകാരം കനാലിന്റെ പണിക്കു 5-ൽ 4 ഭാഗം തൊഴിലാളികളെ കൊടുത്തു

കൊള്ളാമെന്നും സയീദ്പാഷാ ഏററിട്ടുണ്ടായിരുന്നു. അന്നു് ഈജിപ്റ്റിലെ ഒട്ടാകെ ജനസംഖ്യ 40 ലക്ഷം മാത്രമായിരുന്നു. അങ്ങിനെ 1859 മുതൽ 1863 വരെ ദിവസേന 20,000 തൊഴിലാളികളെ കനാൽപ്പണിക്കയച്ചു കൊടുക്കുന്നതിന്നു ഈജിപ്റ്റ് ഗവർമ്മേണ്ടു് നിർബ്ബന്ധിതമായി. 40,000 തൊഴിലാളികളെ സദാ ഒരുക്കി നിറുത്തിയിട്ടുണ്ടായിരുന്നു. 20,000 ആളുകൾ സ്വഗൃഹങ്ങളിൽ തെയ്യാറായി നില്ക്കും. പണിയിൽ പങ്കെടുത്തിരുന്നവർ സ്വഗൃഹങ്ങളിൽ പോയാൽ പകരം ആ സന്നദ്ധ തൊഴിലാളികളെ അയച്ചുകൊടുക്കും. ഇങ്ങിനെയാണു് ആ സുദീർഘകാലത്തെ പണി നടന്നിരുന്നതു്. ഈ തൊഴിലാളികളോടു് ഫ്രാൻസ് അനുവർത്തിച്ചിരുന്ന കടുങ്കയ്യുകൾ അവർണ്ണനീയമാണു്. വളരെ വിഷമിച്ചു കൊണ്ടു് ജോലി ചെയ്യുന്നതിന്നു തൊഴിലാളികൾ നിർബ്ബന്ധിതരായിരുന്നു. അങ്ങിനെ പത്തുകൊല്ലത്തിനിട്ടയിൽ 124000 തൊഴിലാളികൾ അപകടമൃത്യു സ്വയം വരിക്കേണ്ടിവന്നിട്ടുണ്ടു്. മരിച്ച ആ തൊഴിലാളികളുടെ കുടുംബങ്ങൾക്കു് യാതൊരു വിധ വേതനവും ലഭിച്ചിരുന്നുമില്ല. കയറോവിലും (ഖാഹിറഃ) അലക്സാണ്ട്റിയായിലും (ഇസ്കന്തരിയ്യഃ) ഉണ്ടായിരുന്ന വർക്ക്ഷാപ്പുകളെല്ലാം കനാൽ നിർമ്മാണത്തിൽ ഭാഗഭാക്കുകളായിരുന്നു. നിരത്തുകൾ നിർമ്മിച്ച അവയിൽക്കൂടിയും പുഴകളിൽക്കൂടിയും സാധനസാമഗ്രികൾ പ്രതിഫലം കൂടാതെ അയച്ചുകൊടുക്കാൻ ഈജിപ്റ്റ് ഏററിട്ടുണ്ടായിരുന്നു.

ശുദ്ധജലത്തിന്നായി ഒരു പുഴ നിർമ്മിക്കുന്നതിന്നും ക മ്പനിക്കു അനുവാദം കൊടുത്തിട്ടുണ്ടായിരുന്നു. ആ പുഴ യിൽനിന്നു് വെള്ളമെടുക്കുന്ന കർഷകരിൽനിന്നു നികു തി വസൂലാക്കാൻ കമ്പനിയെ അനുവദിച്ചിട്ടുമുണ്ടായി രുന്നു. കമ്പനിയാവട്ടെ ഗവർമ്മേണ്ടിലേക്കു് യാതൊന്നും കൊടുക്കേണ്ടിവന്നിരുന്നുമില്ല. ഈ വക നാനാവിധ ആനുകൂല്യങ്ങൾക്കും വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നതി ന്നു് പുറമെ കനാൽ വഴിക്കു ലഭിക്കുന്ന ആദായത്തിൽ പതിനഞ്ചു ശതമാനം മാത്രമേ ഈജിപ്ത് ഗവർമ്മേണ്ടി ന്നു് കിട്ടാൻ വ്യവസ്ഥയുമുണ്ടായിരുന്നുള്ളു. ഈ പതി നഞ്ചു ശതമാനത്തിൽനിന്നു കടബാദ്ധ്യതയും മററും ക ഴിച്ചു് ഏഴു ശതമാനം ആദായം മാത്രമാണു് ഈജിപ്ത് ഗവർമ്മേണ്ടിന്നു ലഭിച്ചിരുന്നതു്. കരാറിൻെറ കാലാ വധി 99 കൊല്ലമാണു്. കനാൽ ഉൽഘാടനം 1869 ന വമ്പർ 17-ാംനു-യാണു് നടന്നതു്. ആ കണക്കുപ്രകാരം 1968 നവമ്പർ 16-ാംനു-ക്കു് കമ്പനിയുടെ കാലാവ ധി അവസാനിക്കും. അതോടുകൂടി കനാലിൻെറ ഉടമാ വകാശം ഈജിപ്ത് ഗവർമ്മേണ്ടിൽ ലയിക്കുന്നതാണെ ന്നു് കരാറിലും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

സയീദ്പാഷാ 1863-ൽ മരിച്ചു. അനന്തരം ഇ സ്മായിൽ പാഷ വൈസ്രോയിയായപ്പോൾ കനാലിൻെറ കാര്യത്തിൽ താഴെ പറയുന്ന രണ്ടു നിബന്ധനകളെ നി ഷ്കൃഷ്ടമായി അനുവർത്തിക്കാനാവശ്യപ്പെടുന്ന ഒരു രാജകീയ സന്ദേശം തുർക്കി സുൽത്താൻ അയക്കുകയു ണ്ടായി.

1. കനാലിനെ കച്ചവട ആവശ്യത്തിന്നു മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

2. കനാലിൻെറ ഇരുകരകളിലുമുള്ള ഭൂമികളിൽ കമ്പനിക്കവകാശമില്ലെന്നുള്ള പരമാത്ഥം കർശനമായി നടപ്പിൽ വരുത്തണം. ഈ ഉത്തരവ് നടപ്പിൽ വരുത്തിയതോടുകൂടി ശുദ്ധജലത്തിന്നായി നിമ്മിക്കപ്പെട്ട തോട്ടിന്മേൽകമ്പനിക്കു് ഒരവകാശവുമില്ലെന്നുകൂടി ഇസ്മായിൽ പാഷാപ്രഖ്യാപിച്ചു. ഈജിപ്തിനെ ശുശ്രൂഷിക്കാനാണ് കനാൽ നിമ്മിച്ചതെന്നും, നേരെമറിച്ചുഈജിപ്തുകാർ കനാലിനെശ്ശുശ്രൂഷിക്കണമെന്നു വരുന്നതു അനഭിലഷണീയമാണെന്നും ഇസ്മായിൽ പാഷാ പറയാറുണ്ടായിരുന്നു. ഒരു പുതിയ അടിസ്ഥാനത്തിൽ കരാറു പുതുക്കണമെന്നും അനന്തരം ഈജിപ്തു് വാദിച്ചു തുടങ്ങി. ഈജിപ്ത് തൊഴിലാളികളെ നിർബ്ബന്ധപൂർവ്വം തൊഴിലിൽ ഏർപ്പെടുത്തി വന്നിരുന്ന പതിവും ഇസ്മായിൽ പാഷ അവസാനിപ്പിച്ചു. അവസാനം കമ്പനിയും ഗവമ്മേണ്ടും തമ്മിൽ ഒരു വഴക്കിൻെറ രൂപംതന്നെ പ്രത്യക്ഷമായി. ഫ്രഞ്ച് രാജാവായിരുന്ന നെപ്പോളിയൻ മൂന്നാമൻെറ മുമ്പിൽ ആവലാതിയെത്തി. അദ്ദേഹം ഇസ്മായിൽപാഷായുടെ വാദങ്ങളെല്ലാം ന്യായമാണെന്നു സമ്മതിച്ചുകൊടുത്തുവെങ്കിലും ആവശ്യങ്ങൾ വകവെച്ചു കൊടുക്കുന്നതിന്നു പ്രതിഫലമായി 8,4000000 ഫ്രാങ്ക് (ഏകദേശം 33ലക്ഷത്തറുപതിനായിരം ഈജിപ്ത്പവൻ) കൊടുക്കേണമെന്ന ഒരു പ്രത്യേക നിബന്ധനയും

അദ്ദേഹത്തിൻെറ ഉത്തരവിൽ ഉൾപ്പെട്ടുപോയിരുന്നു. സ്സൂയസ്സ്കനാൽ മൂലധനത്തിൻെറ പകുതിയോളം വരുന്ന ഈസംഖ്യക്കായി ഈജിപ്ത് കടം വാങ്ങേണ്ടിവന്നു. കടംവാങ്ങി പണി നടത്തിയിരുന്നില്ലെങ്കിൽ കനാൽ പണി അന്നു കേവലം മുടങ്ങിപ്പോകുമായിരുന്നു. അവസാനം 1869 നവമ്പർ 17-ാംനു കനാൽഉൽഘാടനം ചെയ്യപ്പെട്ടു. ഇസ്മായിൽപാഷയുടെ സന്തോഷത്തിന്നതിരുണ്ടായില്ല. ഉൽഘാടനാഘോഷത്തിന്നു 14 ലക്ഷം ഈജിപ്ത് പവൻ അദ്ദേഹം ചിലവഴിച്ചു. കനാൽ നിർമ്മാണത്തിന്നു ഏകദേശം പകുതി മൂലധനം എന്നുവെച്ചാൽ 18കോടി 80ലക്ഷം പവൻ ഈജിപ്ത് ചിലവാക്കിയിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

എന്നാൽ കനാലിൻെറ ഉപയോഗം ലോകം അറിഞ്ഞുകഴിഞ്ഞപ്പോഴേക്കു ഈജിപ്ത് പാപ്പരായി. കമ്പനിക്കു ആദായം പിരിഞ്ഞുതുടങ്ങിയപ്പോഴേക്കു ഈജിപ്ത് ധനപരമായ കുഴപ്പങ്ങളിലകപ്പെട്ടു. കനാൽ പണിയാനായി വാങ്ങിയ കടവും അതിൻെറ ഭീമമായ പലിശയും അതിനെ ശ്വാസം മുട്ടിച്ചു. മറെറാരു ഭാഗത്തുകൂടി ഈജിപ്ത് കൂടുതൽ സാമ്പത്തികകുഴപ്പങ്ങളിലകപ്പെടാൻ സംഗതിയായ ചില ഉപായങ്ങൾ ബ്രിട്ടനും സൃഷ്ടിച്ചുവിട്ടു. ബ്രിട്ടൻെറ വ്യാപാരത്തിന്നു കോട്ടം തട്ടുമെന്ന ശങ്ക നിമിത്തം കനാൽ നിർമ്മാണത്തെ എതിർക്കുകയാണു ആദ്യത്തിൽ ബ്രിട്ടൻ ചെയ്തിരുന്നതു. എങ്കിലും കനാൽ ഉപയോഗത്തിൽ വന്നപ്പോൾ എങ്ങിനെയെ

ങ്കിലും അതിൽ പങ്കാളിയാവാൻ ബ്രിട്ടൻ അവസരം കാത്തുനിന്നു. അവസാനം ഈജിപ്തിൻെറ സാമ്പത്തിക കുഴപ്പത്തെ ബ്രിട്ടൻ തികച്ചും ഉപയോഗപ്പെടുത്തി.

ഈജിപ്ത് ഖുദൈവിന്നു കമ്പനിയിൽ അതിന്നുണ്ടായിരുന്ന ഓഹരി വില്ക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. അങ്ങിനെ കമ്പനിയിലുണ്ടായിരുന്ന മുഴുഷയറും കൂടി 40 ലക്ഷം ഈജിപ്ത് പവൻമാത്രം വില വാങ്ങിക്കൊണ്ടു് ഈജിപ്ത് ഖുദൈവായ ഇസ്മായീൽ പാഷ ബ്രിട്ടന്നു് കൈമാറി. അന്നത്തെ ബ്രിട്ടീഷ് പ്രധാന മന്ത്രിയും തന്ത്രകുശലനുമായിരുന്ന ഡസ്രയീലാണു് ആദായകരമായ ഈ വ്യാപാരം നടത്തിയതു്. ഈ കച്ചവടം നിമിത്തം വിക്ടോറിയാ രാജ്ഞിക്കു് യൂറോപ്പിലെപല മഹാരാജാക്കന്മാരിൽനിന്നും അഭിനന്ദന സന്ദേശങ്ങൾലഭിക്കാനിടയായി. ഈജിപ്തിൻെറ ഓഹരി ബ്രിട്ടനിൽ ലയിച്ചതോടുകൂടി ഫ്രാൻസും ബ്രിട്ടനും കമ്പനിയെ സംബന്ധിച്ചേടത്തോളം ഏകദേശം തുല്യാവകാശികളായി. പുതിയ കരാറും വ്യവസ്ഥയുമെല്ലാം ആവശ്യമായി. 1888-ൽ കോൺസ്റ്റാണ്ടു്നോപ്പിളിൽവെച്ചു കനാൽ കാൎയ്യത്തിൽ വൻകോയ്മകൾ തമ്മിൽ ഒരു പുതിയകരാറിൽ ഒപ്പുവെച്ചു. സൂയസ്സ്കനാൽ എല്ലാ രാഷ്ട്രങ്ങൾക്കും തുല്യാവകാശത്തോടുകൂടി ഗതാഗതത്തിന്നു് തുറന്നു കൊടുക്കണമെന്നു ആ കരാറിൽ നിശ്ചയിച്ചു. ബ്രിട്ടൻ, ആസ്റ്റ്രിയ, ഹങ്കറി, സ്പെയിൻ, ഫ്രാൻസ്, ഇററലി, ഹോളണ്ട്, റഷ്യ, തുൎക്കി ഈ രാഷ്ട്രങ്ങളെല്ലാം പ്രസ്തുത കരാറിൽ ഒപ്പുവെച്ചിട്ടുണ്ടായിരുന്നു. എങ്കിലും

ബ്രിട്ടൻ കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളിലും കരാറിനെ ലംഘിച്ചു പ്രവർത്തിക്കുകയാണ് ചെയ്തതെന്ന വസ്തുത ഇവിടെ പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ട്. കനാൽ കൈവിടാൻ ഇപ്പോഴും അവർക്കു മടിയുണ്ട്. ഈ കനാൽവഴിക്കു് വമ്പിച്ച ആദായമെടുക്കുന്നതിന്നു് ബ്രിട്ടീഷ്കാർക്കും ഫ്രഞ്ചുകാർക്കും സാധിച്ചു.

ഒന്നാം ലോകമഹായുദ്ധാവസാനത്തിൽ തുർക്കിയെ നിശ്ശേഷം നശിപ്പിക്കുവാനും അതിൻെറ കീഴിലായിരുന്ന അറബിരാഷ്ട്രങ്ങളെ പങ്കിടാനും അവർക്കു സാധിച്ചു. അതിന്നെല്ലാം സൂയസ്സ്കനാലിലെ സ്വാധീനശക്തിയാണ് കൂടുതൽ ഉപയോഗകരമായതു്. തുർക്കി യുദ്ധത്തിൽ നശിച്ചതോടുകൂടി ഈജിപ്തിൻെറ മേൽ ബ്രിട്ടൻ അതിൻെറ അടിമത്തച്ചങ്ങല കുറച്ചുകൂടി ഭദ്രമാക്കി. വമ്പിച്ച ധനനഷ്ടവും ജീവാപായവും ഈജിപ്തു് സഹിക്കേണ്ടിവന്നു. അതിന്നെല്ലാം കാരണം കനാലിൽ ഇംഗ്ലീഷുകാർക്കുണ്ടായിരുന്ന സർവ്വാധിപത്യമായിരുന്നു. ഇതര ഏഷ്യനാഫ്രിക്കൻ പ്രദേശങ്ങളിൽ മേധാവിത്വം നിലനിറുത്തുന്നതിന്നും ആംഗ്ലോ ഫ്രഞ്ചുകാർക്കുള്ള ഏകമാർഗ്ഗം സൂയസ്സ് കനാലാണ്.

സൂയസ്സ്കനാൽ പാശ്ചാത്യ പൗരസ്ത്യരാജ്യങ്ങളുടെ വ്യാപാരപരമായ സമുദ്രമാർഗ്ഗമാണ്. ഈ കനാൽ കീറുന്നതിന്നുമുമ്പു് യൂറോപ്പിൽനിന്നു് യൂറോപ്യൻ കപ്പലുകൾക്കു ആഫ്രിക്കാഭൂഖണ്ഡം ചുററി ഇന്ത്യയിലും കൊളമ്പിലും ചീനയിലും മററുമെല്ലാം ചരക്കുകളെത്തിക്കാനും

അവിടങ്ങളിൽ നിന്നെല്ലാം യൂറോപ്പിലേക്ക് സാമാനം കൊണ്ടുപോവാനും വലിയ വിഷമമുണ്ടായിരുന്നു. സമുദ്രമാർഗ്ഗം ദുസ്സഹമായിരുന്നതിനാൽ പുരാതനകാലങ്ങളിൽ യൂറോപ്പിൽനിന്നു് മദ്ധ്യധരണ്യാഴി വഴിക്ക് ചരക്കുകൾ കൊണ്ടുവന്നു് പലസ്തീന്റെയും ഈജിപ്തിന്റെയും തുറമുഖങ്ങളിൽ ഇറക്കാറും ഒട്ടകപ്പുറത്തു കയററി സീനാ മരുഭൂമിയിൽക്കൂടി ഹിജാസ്, യമൻ, വഴിയായി ഇറാഖ്, ഈറാൻ ഇവിടങ്ങളിലും അവിടങ്ങളിൽനിന്നു പായക്കപ്പലുകളിൽ കയററി അറബിക്കടലിൽക്കൂടി ഇന്ത്യൻ തുറമുഖങ്ങളിലും മററും എത്തിക്കാറമായിരുന്നു പതിവ്. ഈജിപ്തിലെ ഫറാവോൺ രാജാക്കന്മാരുടെയും റോമാ ചക്രവർത്തിമാരുടെയും കാലം മുതല്ക്ക് മദ്ധ്യധരണ്യാഴിയുടെയും ചെങ്കടലിന്റെയും ഇടയിലുള്ള രാജ്യങ്ങളിൽവെച്ച് റോമക്കാരും ഗ്രീക്കുകാരും തമ്മിലും, ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരുംതമ്മിലും,അനവധി സംഘട്ടനങ്ങളുണ്ടാവാനിടയായ തന്ത്രസ്ഥാനവും ഈ സൂയസ്സ്കനാൽ പരിസരങ്ങളത്രെ. അനവധി കുരിശുയുദ്ധങ്ങളും ഇതേ സ്ഥാനങ്ങളിൽവെച്ച് കൃസ്ത്യാനികൾ മുസ്ലിംകളോട് നടത്തിയിട്ടുണ്ട്. സൂയസ്സ്കനാലിന്റെ പ്രാധാന്യം ഈ ചരിത്ര സംഭവങ്ങളിൽനിന്നെല്ലാം സുവ്യക്തമാണ്.

1875ൽ ഈജിപ്തിന്റെ ഒരുലക്ഷത്തെഴുപത്തൊരായിരം ഓഹരി നാല്പതുലക്ഷം പവന്നാണല്ലോ ബ്രിട്ടൻ ഖുദൈവ് രാജാവിന്റെ പക്കൽനിന്നു് മേടിച്ചതു്. ഏട്ടുകൊല്ലം മുമ്പ് ഒരോഹരിയുടെ വില

78,15,893 പവൻ വരെ എത്തിയിട്ടുണ്ടായിരുന്നു. എങ്കിലും ഈജിപ്തും കമ്പനിയുമായി നടന്ന കരാറു പ്രകാരം തന്നെ 1968ൽ കമ്പനി ഈജിപ്ത് ഗവമ്മേണ്ടിന്റെ ഉടമയിൽ ലയിക്കേണ്ടതാണ്. അതുവരെ കാത്തിരിക്കാതെ പ്രതിഫലം കൊടുത്തുകൊണ്ട് ഇപ്പോഠംതന്നെ കമ്പനിയെ ദേശസാൽക്കരിക്കുന്നതിന് പരിതഃസ്ഥിതിയുടെ പ്രത്യാഘാതമാണ് ഈജിപ്തിനെ പ്രേരിപ്പിച്ചതു്.

കനാലിന്റെ നീളം 101നാഴികയും ഏററവും ഇടുങ്ങിയ ഇടങ്ങളിൽ അകലം 197 അടിയും ആഴം 33 അടിയുമാണ്. ഇതു കടന്നുപോവാൻ ശരാശരി 11¼ മണിക്കൂർ വേണം. കനാലിന്റെ പണി തുടങ്ങിയതു് 1859ലും അവസാനിച്ചതു് 1869ലുമാണ്. ദേശസാൽക്കരണത്തിന്നുമുമ്പ് 32 മെമ്പർമാരടങ്ങിയ ഒരു ബോർഡാണ് കനാൽ ഭരണം നടത്തിയിരുന്നതു്. ആ 32ൽ 18 പേർ ഫ്രഞ്ചുകാരും 10പേർ ബ്രിട്ടീഷ്കാരും 2പേർ ഈജിപ്തുകാരും ഒരാഠം അമേരിക്കക്കാരനും ഒരാഠം ഡച്ചുകാരനുമായിരുന്നു. എങ്കിലും 1945ലെ കരാറിന്നു ശേഷം ഈജിപ്തുകാരുടെ എണ്ണം 2ൽ നിന്നു 7ആക്കി വർദ്ധിപ്പിച്ചു. 1955ൽ കമ്പനിക്കു 3 കോടി 50 ലക്ഷം പവൻ (ഏകദേശം 10 കോടി ഡോളർ) ആദായമുണ്ടായിട്ടുണ്ട്. കമ്പനിവകയായി 6കോടി 20ലക്ഷം പവൻ റിസർവ്വ് ഫണ്ടുമുണ്ട്. ഇതെല്ലാം ഇപ്പോഠം ഈജിപ്തിന്റെ ഉടമയിലായിക്കഴിഞ്ഞിരിക്കുകയാണ്. അസ്വാൻ അണക്കെട്ടിന്നു വേണ്ടി

വരുന്ന ചെലവു ഇങ്ങിനെയാണ് ഈജിപ്ത് നിർവ്വഹിക്കാൻ പോകുന്നതു്. ന്യായമായ വിലകൊടുക്കാൻ ഈജിപ്ത് ഒരുക്കമാണ്. അന്യായമായി വല്ലതും കൊടുക്കേണ്ടിവന്നാൽ അതു അറബികളുടെ രക്തമല്ലാതെ മറെറാന്നാവാനിടയില്ല.

<u>കച്ചവട പ്രാധാന്യം</u>:-ലോകത്തിൻെറ എല്ലാഭാഗങ്ങളിൽനിന്നും സൂയസ്സ് കനാലിൽക്കൂടി കപ്പലുകൾ ഗതാഗതം ചെയ്യുന്നുണ്ടു്. പൌരസ്ത്യർക്കു് പാശ്ചാത്യരാജ്യങ്ങളിലേക്കും, പാശ്ചാത്യർക്കു് പൌരസ്ത്യപ്രദേശങ്ങളിലേയ്ക്കും എളുപ്പമായ കച്ചവടമാർഗ്ഗം സൂയസ്സ്കനാലാണ്. ദിനംപ്രതി നാല്പതു്, നാല്പത്തഞ്ചു കപ്പലുകൾ ശരാശരി ഈ കനാലിൽക്കൂടി ഗതാഗതംചെയ്യുന്നുണ്ടു്. ലോകത്തെല്ലാംകൂടി നടക്കുന്ന ഇറക്കുമതി കയററുമതികളിൽ ആറിലൊരു ഭാഗം കനാലിൽക്കൂടി കടന്നുപോകുന്നുവെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പന്തീരായിരം ടൺ തൂക്കം വരുന്ന ചരക്കുകൾ ദിനംപ്രതി കനാലിൽക്കൂടി പോയും വന്നുമിരിക്കുന്നുവെന്നും കണക്കുണ്ടു്. ഈ കടത്തുകൾ ഇക്കാലത്തു് 1938 ലേക്കാൾ നാലിരട്ടിയായും 1948 ലേക്കാൾ രണ്ടിരട്ടിയായും വർദ്ധിച്ചിരിക്കുകയാണ്. ഉത്തരഭാഗങ്ങളിൽനിന്നു വരുന്ന കപ്പലുകൾ ത്തുനീൻ നദിമാർഗ്ഗമായിട്ടാണു് മദ്ധ്യധരണ്യാഴിയിൽനിന്നു കനാലിൽ കടക്കുന്നതു്.

1955-ൽ പേർഷ്യൻ ഉൾക്കടൽ തീരങ്ങളിലും ചെങ്കടൽക്കരകളിലും അധിവസിക്കുന്ന ജനങ്ങളുടെ

15 ശതമാനവും, ഇന്ത്യ, പാക്കിസ്ഥാൻ, ലങ്ക, ബർമ്മ, എന്നീ രാജ്യങ്ങളുടെ 11 ശതമാനവും മലായാ, ഈസ്റ്റിണ്ടീസ് മുതലായ വിദൂരപൌരസ്ത്യരാജ്യങ്ങളുടെ 14ശതമാനവും കിഴക്കെ ആഫ്രിക്കയുടെ 7 ശതമാനവും ചരക്കുകൾ സൂയസ്സിൽക്കൂടി കൊണ്ടുപോയിട്ടുണ്ടെന്നു സ്ഥിതി വിവരക്കണക്കുകൾ കാണിക്കുന്നു. പാശ്ചാത്യരുടെ 75 ശതമാനം ചരക്കുകളും സൂയസ്സിൽക്കൂടി കടന്നുപോയിരിക്കുന്നു. അമേരിക്കയും ലോകത്തിലെ വിവിധ രാഷ്ട്രങ്ങളുമായി 1955-ൽ നടന്ന ഇറക്കുമതി കയററുമതികളിൽ 12 ശതമാനം സൂയസ്സ് മാർഗ്ഗമായി നടന്നിരിക്കുന്നു. സൂയസ്സിൽക്കൂടി ഏററവുമധികം കച്ചവടം നടത്തുന്ന ഏററവും വലിയ രാജ്യം ഇംഗ്ലണ്ടു് തന്നെയാണു്.

എണ്ണ:—ലോകത്തെല്ലാം കൂടി ഉണ്ടാകുന്ന എട്ടു കോടി ടൺ പെട്രോളിൽ 2 കോടിയും ബ്രിട്ടൻ സൂയസ്സിൽക്കൂടി ഇറക്കുമതി ചെയ്യുകയാണു്. കൂടാതെ ബ്രിട്ടൻ അതു വഴിക്കു മലയായിൽനിന്നു റബ്ബറും, ആസ്ത്രേല്യയിൽനിന്നു് ഗോതമ്പം, മാംസം, രോമം, ഇവയും, കിഴക്കെ ആഫ്രിക്കയിൽനിന്നു് തോലും, ഇന്ത്യയിൽനിന്നു് ചായ, എണ്ണ ഇവയും പാക്കിസ്ഥാനിൽനിന്നു ചണയും ലങ്കയിൽനിന്നു് ചായ, എണ്ണ ഇവയും കടത്തിക്കൊണ്ടു പോകുന്നു. ഇവക്കു് പകരം ഇരുമ്പു, മിഷനറി സാമാനങ്ങൾ, വണ്ടികൾ, ഔഷധങ്ങൾ, സിമൻറ് മുതലായ സാമാനങ്ങളെല്ലാം അതേ വഴിക്കു ഇങ്ങോട്ടും

ബ്രിട്ടൻ കയററി അയക്കുന്നു. അതുകൊണ്ടു സൂയസ്സ്കനാൽമാർഗ്ഗം തടസ്സപ്പെട്ടാൽ സൈനികമായി നേരിടുന്ന ബുദ്ധിമുട്ടുകൾപോലെത്തന്നെ കച്ചവടത്തിലും ബ്രിട്ടൻ ബുദ്ധിമുട്ടനുഭവിക്കേണ്ടിവരും.

നെതർലാണ്ടും വിദൂര പൌരസ്ത്യ രാജ്യങ്ങളും തമ്മിൽ കച്ചവടം നടക്കുന്നതും സൂയസ്സിൽക്കൂടിയാണ്. ഫ്രാൻസ് പേർഷ്യൻ ഉൾക്കടലിൽനിന്ന് സൂയസ്സിൽക്കൂടിയാണ് പെട്രോൾ കൊണ്ടുപോകുന്നത്. ഇററലിക്കും ഇതേ മാർഗ്ഗമായിത്തന്നെ പെട്രോൾകൊണ്ടു പോകണം. ഈ രാജ്യങ്ങൾക്കെല്ലാം താന്താങ്ങളുടെ വ്യാപാരങ്ങൾക്കും യുദ്ധ സാമഗ്രീസജ്ജീകരണങ്ങൾക്കും ഉലച്ചൽ തട്ടുമെന്നു ഭയമുണ്ടാകുന്നത് സ്വാഭാവികമാണ്. സൂയസ്സ് മുടങ്ങിയാൽ അഞ്ചിരട്ടി അധികം ദൂരം സഞ്ചരിച്ച് ആഫ്രിക്ക ചുററിക്കൊണ്ടല്ലാതെ അവയുടെ കപ്പലുകൾക്ക് ഗതാഗതം സാദ്ധ്യമാകയില്ല. അതിന്നു അഞ്ചിരട്ടി ചെലവും അധികമാകും. ആഫ്രിക്ക ചുററിക്കൊണ്ടുള്ള ഗതാഗതത്തിൽ ചെലവു കൂടുന്നതിന്നു പുറമെ ഇൻഷൂറൻസ് മുതലായ ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വരും.

ലോകത്തുണ്ടാകുന്ന ഒട്ടാകെ പെട്രോളിൽ മൂന്നിൽ രണ്ടു ഭാഗവും മദ്ധ്യപൌരസ്ത്യദേശത്ത് നിന്നാണ് കിട്ടുന്നത്. ലോകത്തൊട്ടാകെ ആവശ്യമായ പെട്രോളിൽ അഞ്ചിലൊരു ഭാഗം ഇവിടങ്ങളിൽനിന്നു് വില്ക്കുന്നുമുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം മദ്ധ്യപൌ

രസ്ത്യ ദേശങ്ങളിൽനിന്നുള്ള പെട്രോൾ വ്യാപാരം അത്ഭുതകരമായ വിധത്തിൽ അധികമായിരിക്കുകയുമാണ്. പശ്ചിമ യൂറോപ്പിൽ പെട്രോൾ ശുദ്ധി ചെയ്യാനും മററു വിധത്തിൽ അതു ഉപയോഗപ്രദമാക്കുവാനുമായി സ്ഥാപിതമായിട്ടുള്ള കമ്പനികളിൽ അനവധി തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. എണ്ണകൊണ്ടുള്ള ഉപയോഗം അവിടെ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ലോകത്ത് ആകമാനം ആവശ്യമായ പെട്രോളിൽ പകുതിയും മദ്ധ്യപൌരസ്ത്യ ദേശങ്ങളിൽനിന്ന് ലഭിക്കുന്നതായി അവസാനത്തെ സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കിയിരിക്കുന്നു.

<u>ബ്രിട്ടന്റെ വിഷമതകൾ:</u>—ബ്രിട്ടന്നു അതിന്റെ എണ്ണയുടെ ആവശ്യം ചുരുക്കാമായിരിക്കാം. എണ്ണക്കു പകരം പെട്രോൾ ഉപയോഗിച്ചോ വിദ്യുച്ഛക്തി പ്രയോഗിച്ചോ ആവശ്യമൊരുവിധം പൂർത്തീകരിക്കാൻ സാധിച്ചേക്കാം. പൈപ്പ് ലൈനുകൾ ഏർപ്പെടുത്തി അത്‌ലാന്തിക്ക് കടൽ മാർഗ്ഗമായി എണ്ണ കരസ്ഥമാക്കാനും കഴിഞ്ഞേക്കാം. എങ്കിലും ജീവിതത്തിന്നത്യാവശ്യമായ ഇതര സാധനങ്ങൾ സൂയസ്സ് കനാലിൽക്കൂടിയല്ലാതെ കരസ്ഥമാക്കേണ്ടിവരുന്നതു് ബ്രിട്ടന്നു വളരെ ബുദ്ധിമുട്ടായിരിക്കുമെന്നതിൽ സംശയമില്ല.

<u>കൂലികൾ:</u>—സൂയസ്സിൽക്കൂടി പോകുന്ന പാസഞ്ചർ കപ്പലുകളിൽ കയററുന്ന സാമാനങ്ങൾക്കു് ടന്നിന്നു് 7 ഷില്ലിങ്ങ് പ്രകാരവും കച്ചവടക്കപ്പലുകളിൽ ടന്നിന്നു് 3 ഷില്ലിങ്ങ് 2 പെൻസ് പ്രകാരവും ചാർജ്ജ്

കൊടുക്കണം. 1955-ൽ സൂയസ്സ് കനാലിൽക്കൂടി യാത്ര ചെയ്ത കപ്പലുകളിൽനിന്നു് 3 കോടി 20ലക്ഷം പവൻ വരുമാനമുണ്ടായിട്ടുണ്ടു്. മററിനങ്ങളിൽ നിന്നുള്ള വരുമാനമുൾപ്പെടെ 3 കോടി 40 ലക്ഷം പവൻ ആദായമുണ്ടായി. സൂയസ്സ്കനാലിൻെറ ഭരണവും വരവുചെലവുകളും നടത്തിയിരുന്ന പഴയ കമ്പനിയുടെ വർഷാന്തച്ചെലവു് കവിഞ്ഞാൽ ഒരു കോടി 70 ലക്ഷം പവനായിരുന്നു. കമ്പനിക്കു് ചുരുങ്ങിയതു് ഒരു കോടി 70 ലക്ഷം പവൻ കൊല്ലത്തിൽ ആദായമുണ്ടെന്നു ഇതിൽനിന്നു് സ്പഷ്ടമാണ്. ഇതിന്നു പുറമെ 1955-ലെ കണക്കു പ്രകാരം ഇതരരാജ്യങ്ങളിൽ പല പ്ലാന്റുകളിലും വ്യാപാരങ്ങളിലുമായി കമ്പനി ഇറക്കിയിട്ടുള്ള മൂലധനം ഒരു കോടി 20 ലക്ഷം പവനാണ്. ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽത്തന്നെ കമ്പനി വക 11 കോടി പവൻ നിക്ഷേപിച്ചിട്ടുണ്ടു്.

ഈജിപ്റ്റിൻെറ അഞ്ചാം സ്വാതന്ത്ര്യദിനാഘോഷം പ്രമാണിച്ചു് അലക്സാണ്ട്റിയയിൽക്കൂടിയ ഒരു വമ്പിച്ച സമ്മേളനത്തിൽവെച്ചാണ് സൂയസ്സ്കനാൽ ദേശസാൽക്കരിച്ചുകൊണ്ടു കേണൽനാസിർ പ്രഖ്യാപനം ചെയ്തതു്. അന്നത്തെ സുദീർഘപ്രസംഗത്തിൽ ഈ ദേശസാൽക്കരണത്തിന്നുണ്ടായ കാരണങ്ങളെല്ലാം അദ്ദേഹം വിശദമാക്കിയിട്ടുണ്ടു്. കേർണൽനാസിർ റഷ്യനായുധം സ്വീകരിക്കുന്നതിന്നും കമ്പനി ദേശസൽക്കരിക്കുന്നതിന്നും മററുമെല്ലാം പാശ്ചാത്യ വൻകോയ്മകൾ തന്നെയാണ് സംഗതി വരുത്തിയതെന്നു് ആ പ്രസംഗംകൊണ്ടു് വ്യക്തമാകുന്നതാണ്. ആ പ്രസംഗമാണു് അടുത്ത അദ്ധ്യായം.

# ദേശസാല്ക്കരണവും കോൺഫ്റൻസും

കർണ്ണൽ നാസിർ 1956 ജൂലായി 26-ാംനു- സൂയസ്സ് കനാൽ കമ്പനിയെ ദേശസാല്ക്കരിച്ചുകൊണ്ടു് അതിനെ ഈജിപ്തിൻെറ പൊതു ഉടമയിലാക്കി. അദ്ദേഹം ചെയ്ത പ്രഖ്യാപനം പാശ്ചാത്യ ശക്തികൾക്കിടയിൽ പ്രത്യേകിച്ചും ഒരു കോളിളക്കമുളവാക്കി. ആഗസ്റ്റ് 16-ാംനു- ഈ പ്രധാന പ്രശ്നത്തെപ്പററി ആലോചിക്കാൻ പാശ്ചാത്യശക്തികൾ ലണ്ടനിൽകോൺഫ്രൻസ് വിളിച്ചുകൂട്ടി. ആഗസ്റ്റ് 23-ാംനു-വരെ കോൺഫ്രൻസ് നീണ്ടുനിന്നു. ഈ അദ്ധ്യായത്തിൽ ജൂലായ് 26-ാംനു- മുതൽ ആഗസ്റ്റ് 23-ാംനു-വരെ നടന്ന സംഭവങ്ങളെയെല്ലാം വിശദീകരിച്ചിട്ടുള്ളതുകൊണ്ടു സൂയസ്സ് കനാൽ കഥ വായനക്കാക്ക ശരിയാംവണ്ണം ഗ്രഹിക്കാം. ലണ്ടൻകോൺഫ്രൻസ് വാസ്തവത്തിൽ ഒരു "ലണ്ടൻ സൊററ"യായിരുന്നുവെന്നുതന്നെ പറഞ്ഞാലും തെററില്ല. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലപാടു് ഇനിയും അവസാനിച്ചിട്ടില്ലെന്നു് ശക്തി കുറഞ്ഞ ആളുകളെ ധരിപ്പിക്കുക മാത്രമായിരുന്നു കോൺഫ്രൻസിൻെറ ലക്ഷ്യമെന്നു കണ്ടുപിടിക്കാൻ പ്രയാസമില്ല. പാശ്ചാത്യ സാമ്രാജ്യത്വം അതിൻെറ സുശക്തവും വിഷകലുഷിതവുമായ പടം ഒരിക്കൽക്കൂടി വിടർത്തിക്കാട്ടി ഒരു നവജീവൻ കൈവരുത്താനുത്സാഹിക്കുകയാണെന്നും കോൺഫ്രൻസ് നടപടികൾ തെളിയിച്ചിരിക്കുന്നു. അവരുടെ ഉദ്യമം എത്രത്തോളം ഫലിച്ചിട്ടു

ണ്ടെന്നു അടുത്ത ഭാവി തീരുമാനിച്ചുകൊള്ളുമെന്ന പ്രതീക്ഷയോടുകൂടി നമുക്കു് സംഭവ വിശദീകരണത്തിൽ പ്രവേശിക്കാം.

ദേശസാല്ക്കരണം:-ജൂലായി 26-ാംനു- ഈജിപ്തിൻെറ അഞ്ചാം റിപ്പബ്ലിക്ക്ദിനം പ്രമാണിച്ചു് അലക്സാണ്ട്റിയയിൽ കൂടിയ ഒരു മഹാസമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടു് ഈജിപ്തു് റിപ്പബ്ലിക്കിൻെറ പ്രഥമ പ്രസിഡണ്ടായ കർണ്ണൽ ജമാൽ അബ്ദന്നാസിർ സൂയസ്സ്കനാൽ കമ്പനിയെ ദേശസാല്ക്കരിച്ചിരിക്കുന്നുവെന്നു് പ്രഖ്യാപിച്ചു. അദ്ദേഹം ഇങ്ങിനെയാണു് പറഞ്ഞതു്. "നൂറു കൊല്ലത്തിന്നുശേഷം ഈജിപ്തു് ബഹുജനങ്ങൾക്കിതാ അവരുടെ അവകാശങ്ങൾ കരഗതമായിരിക്കുന്നില്ല. യഥാർത്ഥ സ്വാതന്ത്ര്യത്തെയാണു് നാമിപ്പോൾ ആസ്വദിക്കുന്നതു്. സൂയസ്സ് കനാൽ കമ്പനി വാസ്തവത്തിൽ ഒരു രാഷ്ട്രത്തിൻെറ ഉള്ളിൽ മറെറാരു രാഷ്ട്രമായിട്ടാണു് സ്ഥിതി ചെയ്തിരുന്നതു്. ഈജിപ്തിൻെറ ക്ഷേമത്തെ ഉദ്ദേശിച്ചുകൊണ്ടാണു് കമ്പനി സ്ഥാപിച്ചിരുന്നതു്. നേരെമറിച്ചു ഈജിപ്തിനെ നശിപ്പിക്കാനായിരുന്നില്ല. നാമിപ്പോൾ ഈജിപ്തിൻെറ അവകാശങ്ങൾ സംരക്ഷിച്ചുവരികയാണല്ലോ. നമ്മുടെ അവകാശങ്ങളെ നമ്മുടെ രക്തം ചിന്തിയിട്ടെങ്കിലും നാം പരിരക്ഷിക്കുമെന്നു് ഈജിപ്തു് ബഹുജനങ്ങളുടെ പേരിൽ ഞാൻ പ്രഖ്യാപിച്ചുകൊള്ളുന്നു."

ഈജിപ്തിൻ പ്രസിഡണ്ടിൻെറ ഈ പ്രഖ്യാപനം വളരെ പ്രക്ഷോഭകരമായ ഒരു അടിവെപ്പായിത്തന്നെ

പരിണമിച്ചു. പാശ്ചാത്യലോകത്ത് ആകമാനം അത്ഭുതവും അമ്പരപ്പുമുളവായി. ബ്രിട്ടനും ഫ്രാൻസും ഈ ജലമാർഗ്ഗത്തെ സ്വന്തമായ ഒരു ജന്മസ്വത്താക്കിവെച്ചു വന്നിരുന്നതിനാൽ അവയുടെ അധികാരവൃത്തങ്ങളിൽ പ്രത്യേകിച്ചും പ്രത്യാഘാതമുണ്ടായി. സൂയസ്സ് കനാൽ ദേശസാൽക്കരണമെന്നുവെച്ചാൽ അതിൻെറ അർത്ഥം തന്നെയും ആ ജലാശയത്തിൽനിന്നു അന്യായമായി ആദായമെടുക്കാൻ മേലിൽ അനുവദിക്കാതിരിക്കുകയെന്നാണ്. ആ സ്ഥിതിക്കു് അവയുടെ പരിഭ്രമം ഒരിക്കലും അത്ഭുതാവഹമല്ല.

മറുവശത്ത് സ്വാതന്ത്ര്യപ്രേമികളായ എല്ലാരാഷ്ട്രങ്ങളും ഈജിപ്തിൻെറ ഈ അടിവെപ്പിനെ സ്വാഗതം ചെയ്തു. ഈജിപ്ത് അതിൻേറതായ ഏററവും വലിയ ഒരവകാശം വീണ്ടെടുത്തതിൽ സ്വാതന്ത്ര്യപ്രേമികളായ മുഴുജനതകളും ആഹ്ലാദം പ്രകടിപ്പിച്ചു. അറബി രാഷ്ട്രങ്ങൾ ഐകകണ്ഠ്യേനതന്നെ ഈജിപ്തിന്നു പിന്തുണ വാഗ്ദാനം ചെയ്തു.

കർണ്ണൽ നാസിറിൻെറ പ്രഖ്യാപനം നിമിത്തം കോപാന്ധരായിത്തീർന്ന ബ്രിട്ടനും ഫ്രാൻസും മുമ്പും പിമ്പും നോക്കാതെ, സ്ഥിതിഗതികൾ പരിശോധിക്കാതെ യുദ്ധസന്നാഹത്തിന്നു സന്നദ്ധരായി. മദ്ധ്യധരണ്യാഴിയിലേക്കു പടക്കപ്പലയക്കുന്നതിൽപ്പോലും അവക്ക് മടുപ്പുണ്ടായില്ല. എങ്കിലും അമേരിക്ക അതിലൊന്നും ആശിച്ചിരുന്നതു ആനുകൂല്യം പ്രകടിപ്പിച്ചില്ല.

അതോടുകൂടി റഷ്യ പരുഷസ്വരം പ്രകടമാക്കുകയും ചെയ്തു. യുദ്ധം തുടങ്ങിയാലത്ത് മദ്ധ്യപൌരസ്ത്യദേശങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും ബഹുദൂരംവരെ തീപ്പൊരികഠം പറന്നെത്തുന്നതായിരിക്കുമെന്നും റഷ്യ മുന്നറിയിപ്പു നൽകി.

ബ്രിട്ടനും ഫ്രാൻസും പല്ലിറുമ്മിക്കൊണ്ടങ്ങിനെ അടങ്ങിയിരുന്നു. എങ്കിലും പ്രക്ഷോഭകരങ്ങളായ പരിശ്രമങ്ങളിൽ ഉടൻതന്നെമുഴുകി. ആ പരിശ്രമങ്ങളിൽപെട്ടതാണ് ഈജിപ്തിനെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കാൻ നടപടിയെടുത്തത്. ഈജിപ്തിൻെറ അനാമത്തായി കഴിഞ്ഞ മഹായുദ്ധകാലത്തു് ബ്രിട്ടൻെറ പക്കൽ സൂക്ഷിച്ചിരുന്ന പതിനൊന്നു കോടി പവൻ ബ്രിട്ടീഷ് ഗവർമ്മേണ്ട് മരവിപ്പിച്ചു. ഇതും അത്ഭുതകരമല്ല. അനാമത്തിൽ വഞ്ചന ചെയ്യുന്നതിലും അന്യരുടെ ധനാപഹരണത്തിലും മുമ്പും പേർകേട്ട രാജ്യമാണ് ബ്രിട്ടൻ. കർണ്ണൽനാസിർ നിയമവിരുദ്ധവും അവ്യവസ്ഥിതവുമായി പ്രവർത്തിച്ചുകളഞ്ഞിരിക്കുന്നുവെന്നു പടിഞ്ഞാറൻ രാഷ്ട്രങ്ങഠം ആക്ഷേപിക്കുന്നുണ്ടു്. ഈ കനാൽ കാര്യത്തിൽ 1888-ൽ കോൺസ്റ്റാണ്ട്നോപ്പിളിൽവെച്ചു വൻരാഷ്ട്രങ്ങഠം തമ്മിൽ ഒപ്പിട്ടകരാറും 1954ലെ ആംഗ്ലോ ഈജിപ്ഷ്യൻ ഉടമ്പടിയും മുമ്പിൽ വെച്ചുകൊണ്ടു് പരിശോധിക്കുമ്പോഠം പടിഞ്ഞാറുകാരുടെ ഈ ആക്ഷേപം അടിസ്ഥാനരഹിതമാണെന്നു കാണാം. കനാൽ സംരക്ഷണത്തിൻെറ ഉത്തരവാദിത്വം ഈജിപ്തിന്നാണെന്നും ആ ഉത്തരവാദിത്വം നി

റവേററാൻ ഈജിപ്തിന്നു് സാധിക്കാതെ വന്നാൽ മാത്രം അതു് ഉസ്മാനിയാ ഗവർമ്മേണ്ടിന്നായിരിക്കുമെന്നും, (ഒന്നാം മഹായുദ്ധത്തിൽ നശിച്ച തുർക്കി) 1888-ലെ കരാറിൽ പറഞ്ഞിട്ടുണ്ടു്. അക്കാലത്തു് ഈജിപ്തു് തുർക്കി സാമ്രാജ്യത്തിൻെറകീഴിലായിരുന്നതുകൊണ്ടാണ് ആ ഉസ്മാനിയാ ഗവർമ്മേണ്ടിന്നു് (ഒട്ടോമാൻ സാമ്രാജ്യത്തിന്നു) അങ്ങിനെയൊരു പദവി ലഭിച്ചതു്. കരാറിൻെറ 8-ാം വകുപ്പിൽ ഇതെല്ലാം തെളിഞ്ഞു കാണാം. അതേ ഉടമ്പടിയുടെ 10-ാം വകുപ്പിൽ ഈജിപ്തിൻെറ രാജ്യരക്ഷക്കാവശ്യമായ നടപടികൾ അനുവർത്തിക്കുന്നതിന്നു് ഈജിപ്തിന്നും ഉസ്മാനിയാ ഗവർമ്മേണ്ടിന്നും അധികാരമുള്ളതായി പ്രസ്താവിച്ചിട്ടുള്ളതുകൂടി നമുക്കിവിടെ ചിന്തിക്കേണ്ടതുണ്ടു്.

<u>1954ലെ കരാറ്</u>— സാമ്പത്തികവും വ്യാപാരപരവുമായി സൂയസ് കനാലിന്നു് ഒരു അന്താരാഷ്ട്ര പരിഗണന ഉണ്ടായിരിക്കുമെന്നു 1954ലെ ആംഗ്ലോ ഈജിപ്ഷ്യൻ കരാറിൽ സമ്മതിച്ചിട്ടുണ്ടെന്നുള്ള വസ്തുത ശരിയാണു്. എന്നാൽ ആ സംഗതി പ്രസ്താവിക്കുന്ന അതേ എട്ടാംവകുപ്പിൽത്തന്നെ ആ കനാൽ ഈജിപ്തിൻെറ ആഭ്യന്തര പ്രദേശമാണെന്നുള്ള പരമാത്ഥവും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. ആ ആഭ്യന്തരപ്രദേശം കൈവശം വെക്കാൻ ഒരുപക്ഷെ ഈജിപ്തിന്നു ഇതുവരെ സാധിച്ചിരുന്നില്ലായിരിക്കാം. എന്നാൽ അതിന്നുള്ള അവകാശം അതു ഉപേക്ഷിച്ചുവെന്നു് അതിന്നത്ഥമില്ല.

ബ്രിട്ടൻെറ എതിരിൽ ഈജിപ്ത് ചെറുതും ശക്തികുറഞ്ഞതുമായ ഒരു രാഷ്ട്രമാണല്ലൊ. അതുകൊണ്ടാണ് അതിൻെറ അവകാശം ഇതുവരേയും അതുപേക്ഷിക്കേണ്ടി വന്നതു്. 1914ലെ സ്വാതന്ത്ര്യ ലബ്ധിയോടുകൂടി ത്തന്നെ ഈ അവകാശം അതിന്നു കരഗതമാവേണ്ടതായിരുന്നു. ബ്രിട്ടൻ നിയമവിരുദ്ധമായനിലയിലാണ് സൂയസ്സ് പ്രദേശം ഇതുവരെ കൈവശം വെച്ചതു്. രണ്ടു മഹായുദ്ധങ്ങളിലും 1888ലെ കരാറിനെലംഘിക്കകയാണ് ബ്രിട്ടൻ ചെയ്തതു്. രണ്ടു യുദ്ധങ്ങളിലും ബ്രിട്ടൻ വിജയികളുടെ അണിയിലായിരുന്നതുകൊണ്ട് ചെമ്പു പുറത്തായില്ലന്നേയുള്ള. അവസാനം ബ്രിട്ടൻ അക്രമമായി കൈവശംവെച്ചുവന്ന ആ പ്രദേശം കരസ്ഥമാക്കാൻ ഈജിപ്തിലെ ബഹുജനങ്ങൾ സന്നദ്ധരായി. അനവധി പ്രക്ഷോഭങ്ങൾക്കു ശേഷമുണ്ടായ കരാറനുസരിച്ച് കഴിഞ്ഞ ജൂൺമാസത്തിൽ ബ്രിട്ടൻ ആ പ്രദേശത്തുനിന്ന് കേവലം പിന്മാറി. കനാലിൻെറ കഴിവുനോക്കുമ്പോൾ ജൂലായിമാസമായപ്പോഴേക്കുതന്നെ സൂയസ്സ്കനാൽ കമ്പനിയെ ദേശസാല്ക്കരിച്ചുകൊണ്ടു് അതിൽനിന്നുള്ള വമ്പിച്ച ആദായത്തെ രാജ്യക്ഷേമത്തിന്നുപയുക്തമാക്കാൻ കർണ്ണൽ നാസിർ ശക്തനായിത്തീർന്നതിൽ അത്ഭുതമില്ല. ഈജിപ്തിൻെറ ഈ ധീരകൃത്യം പാശ്ചാത്യസാമ്രാജ്യത്വത്തിൻെറ നട്ടെല്ല് പൊട്ടിക്കാൻ പര്യാപ്തമാണ്. അതുകൊണ്ട് ആ സാമ്രാജ്യത്വമേധാവികൾ ഈജിപ്തിനെ ഭീഷണിപ്പെടുത്തുവാനൊരുങ്ങിയതിൽ അത്ഭുതമില്ല. എന്നാൽ ഇക്കാ

ലത്തെ ഏററവും വലിയ മുജാഹിദായ കർണ്ണൽ നാസിർ ആ കണ്ണുരുട്ടലിന്നൊന്നിനും കീഴടങ്ങുന്ന ലക്ഷണമല്ല കാണുന്നതു്. ഈജിപ്തിനെ ഭീഷണിപ്പെടുത്തി കാര്യം നേടാനൊരുങ്ങിയിട്ടുള്ള ആ രാഷ്ട്രങ്ങാംക്കു ഈജിപ്തിൻെറ യഥാത്ഥ പ്രതാപം അറിഞ്ഞുകൂടെന്നു അദ്ദേഹം അനേകം തവണ പ്രഖ്യാപിച്ചിട്ടുണ്ടു്.

<u>കോൺഫ്രൻസ്:—</u> പാശ്ചാത്യകോയ്മകളുടെ രണ്ടാമത്തെ അടിവെപ്പു് വൻശക്തികളുടെ പരസ്പര കൂടിയാലോചനയായിരുന്നു. ലണ്ടനിൽവെച്ചു് അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ മൂന്നു രാഷ്ട്രങ്ങളുടെ ഉയർന്ന ഉദ്യോഗസ്ഥന്മാർ തമ്മിൽ മികച്ച മട്ടിൽ കൂടിയാലോചന നടന്നു. അവസാനം ജൂലായി 16ാംനു-ക്കു് 24 രാഷ്ട്രങ്ങളുടെ ഒരു കോൺഫ്രൻസ് വിളിച്ചുകൂട്ടാൻതീർപ്പുണ്ടായി. എന്നാൽ ജൂലായി 3ാംനു- ആ മൂന്നു വൻശക്തികാം പുറപ്പെടുവിച്ചിരുന്ന സംയുക്ത പ്രസ്താവനയിൽനിന്നു് സൂയസ്സ് കനാൽ കാര്യം സ്വാതന്ത്ര്യമായ കൂടിയാലോചനവഴിക്കു തീരുമാനിക്കണമെന്ന ഉദ്ദേശ്യമല്ല പ്രകടമായിരുന്നതു് നേരെ മറിച്ചു് കനാലിനെ അന്താരാഷ്ട്രരക്ഷയിൽ നിർത്തണമെന്നു് ആ ത്രിശക്തികാം ചെയ്ത തീരുമാനത്തിന്നു് തങ്ങാംക്കു് സ്വാധീനശക്തി ചെലുത്താവുന്നരാഷ്ട്രങ്ങളുടെ ഭൂരിപക്ഷ വോട്ടുകൊണ്ടു് പ്രാബല്യം ഉണ്ടാക്കണമെന്നാണു് അവർ ആദ്യമെ അഭിലഷിച്ചിരുന്നതു്. അന്താരാഷ്ട്ര കൈവശമെന്ന നിരശ്ശീലക്കുള്ളിൽ മറഞ്ഞിരുന്നുകൊണ്ടു ത്രിശക്തികാംക്കു്

വീണ്ടും കനാലിൽ കൈ കടത്താനുള്ള ഒരു മികച്ച കൌശലമായിരുന്നു ആ സംരംഭം. ബ്രഹത്തരിപക്ഷ രാഷ്ട്രങ്ങളേയും ഒഴിച്ചു നിർത്തിക്കൊണ്ടു് സ്വശക്തി ചെലുത്താവുന്നവയായ 24 രാഷ്ട്രങ്ങളെമാത്രം കോൺഫ്രൻസിലേക്കു ക്ഷണിച്ചതിൽനിന്നും ഈ സംഗതി സ്പഷ്ടമായിരുന്നു. കനാലിനെ കാര്യമായ വിധത്തിൽ ഉപയോഗിച്ചിരുന്നബർമ്മ, യൂഗോസ്ലാവ്യ, മുതലായ രാഷ്ട്രങ്ങളെപ്പോലും ക്ഷണിച്ചിട്ടുണ്ടായിരുന്നില്ല.

കനാലിനെ അന്താരാഷ്ട്ര കൈവശത്തിൽ കൊണ്ടുവരാനായി അക്ഷമയോടെ പ്രവർത്തിക്കുന്ന ഇതേ ബ്രിട്ടൻ തന്നെയാണു് ഒന്നാം ലോകമഹായുദ്ധാനന്തരം 1919ൽ നടന്ന സമാധാന കോൺഫ്രൻസിൽ അതിന്നെതിരായി വാദിച്ചിരുന്നതു്. സൂയസ്സ്കനാൽ അന്താരാഷ്ട്ര കൈവശത്തിലാവുന്നതു് ഈജിപ്തിൻെറ സ്വാതന്ത്ര്യത്തിൽ കൈകടത്തലായിരിക്കുമെന്നു് അന്നു ശക്തിപൂർവ്വം വാദിച്ചിരുന്ന ബ്രിട്ടൻ ഇപ്പോഴാണു് ഈ അന്താരാഷ്ട്ര പല്ലവി പാടിക്കൊണ്ടോടി നടക്കുന്നതു്. അന്നു ഈജിപ്തിൻെറ സ്വയ നിർണ്ണയാവകാശ മറവിൽ നിന്നുകൊണ്ടു് സ്വന്തവും സ്വാർത്ഥപരവുമായ, സ്വയ നിർണ്ണയാവകാശം ദർശിച്ചിരുന്ന ബ്രിട്ടനിപ്പോൾ യഥാർത്ഥമായ ഒരന്താരാഷ്ട്ര കൈവശത്തിലാണു് സ്വന്ത താൽപര്യത്തെ സ്വപ്നം കാണുന്നതു്.

കോൺഫറൻസിന്നു ക്ഷണിക്കപ്പെട്ടിരുന്ന ഇരുപത്തിനാലു രാഷ്ട്രങ്ങൾ ഇവയാണു്.:— മിസർ (ഈജി

1364

പ്തു്, ഫ്റാൻസ്, ഇററലി, ഹോളണ്ട്, സ്പെയിൻ, തുർക്കി, ബ്രിട്ടൻ, റഷ്യ, ആസ്ത്രേല്യ, ലങ്ക, സജാർക്ക്, അബിസീനിയ, പശ്ചിമജർമ്മനി, ഗ്രീസ്, ഇന്ത്യ, ഇണ്ടോനേഷ്യ, ഇറാൻ, ജപ്പാൻ, ന്യൂസ്ലാണ്ട്, നോർവെ, പാക്കിസ്ഥാൻ, പോർത്തുഗൽ, സ്വീഡൻ, അമേരിക്ക. ഈജിപ്തും (മിസർ) ഗ്രീക്കും കോൺഫറൻസിൽ പങ്കെടുത്തതേയില്ല. ഈജിപ്തിന്നു പ്രത്യേകം ബന്ധമുള്ള ഒരു കാര്യത്തിൽ ഈജിപ്തിന്റെ ഹിതം അന്വേഷിക്കാതെ വിളിച്ചു കൂട്ടിയ കോൺഫറൻസായതുകൊണ്ടാണ് അതു് ഈ കോൺഫറൻസിൽ പങ്കു കൊള്ളാതിരുന്നതു്. എങ്കിലും അനൗപചാരികമായ നിലയിൽ കോൺഫറൻസിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കാനായി നാസറിന്റെ പ്രത്യേക സഹകാരിയായ വിങ്ങ്കമാണ്ടർ ആലീ സാബിരി ഈജിപ്തിന്റെ പ്രതിനിധിയുടെ നിലയിൽ നിൽപുണ്ടായിരുന്നു. അദ്ദേഹം കോൺഫറൻസ് കാലത്ത് വിവിധ രാഷ്ട്രങ്ങളുടെ പ്രതിനിധികളുമായിക്കണ്ടു് ഈജിപ്തിന്റെ യഥാർത്ഥ നിലപാട് അവരെ മനസ്സിലാക്കി ഈ ആലീ സാബിരി കർണ്ണൽ നാസറിന്റെ ഒരുവിശ്വസ്ത സഹകാരിമാത്രമല്ല അതിസമർത്ഥൻകൂടിയാണ്. സൈപ്രസ്സ് കാര്യത്തിൽ ബ്രിട്ടനുമായി ഇടഞ്ഞിട്ടുള്ള സ്ഥിതിക്ക് ബ്രിട്ടൻ വിളിച്ചു കൂട്ടിയ കോൺഫ്രൻസിൽ പങ്കുകൊള്ളാതിരിക്കുകയാണ് ഉത്തമമെന്നു് ഗ്രീസും തീർച്ചപ്പെടുത്തി.

<u>കോൺഫ്രൻസ്നടപടി:</u> – ലങ്കാസ്റ്റർ ഹൌസ്സിൽ ആഗസ്റ്റ് 16-ാംനു തന്നെ ലണ്ടൻ കോൺഫ്രൻസ് നടപടികഠം ആരംഭിച്ചു. 22 രാഷ്ട്രങ്ങളുടെ പ്രതിനിധികഠം ഹാജരുണ്ടായിരുന്നു. കോൺഫ്രൻസ് വിളിച്ചുകൂട്ടിയ രാജ്യമെന്ന നിലക്ക് ആദ്ധ്യക്ഷബഹുമതി ബ്രിട്ടന്നു തന്നെ നൽകപ്പെട്ടു. അങ്ങിനെ ബ്രിട്ടീഷ് വിദേശമന്ത്രിയായ മി. സൽവൻ ലോയിഡ് അദ്ധ്യക്ഷപീഠത്തിലാസനസ്ഥനായി.

കോൺഫ്രൻസിൽ പങ്കുകൊണ്ട രാഷ്ട്രങ്ങളിൽ ബഹുഭൂരിപക്ഷവും പാശ്ചാത്യ വൻശക്തികളായ മൂന്നു രാജ്യങ്ങളുമായി ഏതെങ്കിലുംവിധത്തിൽ ബന്ധപ്പെട്ടവയായിരുന്നുവെന്നു് മുമ്പ് പ്രസ്താവിച്ചുവല്ലോ. ആ സ്ഥിതിക്ക് അവ ആംഗ്ലോ അമേരിക്കൻ ബ്ലോക്കിൻെറ ഹിതത്തിന്നെതിരായി വല്ലതും ശബ്ദിക്കുമെന്നു ആദ്യമേതന്നെ കാൎയ്യവിവരമുള്ള വൃത്തങ്ങളിൽ പ്രതീക്ഷയുണ്ടായിരുന്നില്ല. എങ്കിലും കോൺഫ്രൻസിൽ ആദ്യ ദിവസം തന്നെ അന്താരാഷ്ട്രനിയന്ത്രണം ചുമത്തുന്ന അമേരിക്കൻ പ്രമേയത്തെപ്പററി ഇണ്ടോനേഷ്യൻ പ്രതിനിധി അഭിപ്രായം പ്രകടിപ്പിച്ചപ്പോഠം സൂയസ്സ് കനാൽ പ്രശ്നത്തിന്നു അമേരിക്ക നിർദ്ദേശിക്കുന്ന പോംവഴി ഏഷ്യൻ രാജ്യങ്ങഠംക്ക് തൃപ്തികരമല്ലെന്നും കോൺഫ്രൻസിൻെറ ഘർദക്കുള്ളിൽനിന്നുകൊണ്ടു് ഈജിപ്തിൻെറമേൽ അടിമത്തം അടിച്ചേല്പിക്കുകയാണ് ആ പ്രമേയത്തിൻെറ ആന്തരമായ അഭിലാഷമെന്നു ഏഷ്യനാ

ഫ്രിക്കൻ രാഷ്ട്രങ്ങറം മനസ്സിലാക്കിയിട്ടുണ്ടെന്നുമുള്ള പരമാൎത്ഥം പ്രകടമാക്കാതിരുന്നില്ല.

അവസാനം ചടങ്ങുകളിലൊന്നും .അധിക സമയം ചെലവാക്കാതെ അമേരിക്ക നാലു ഉപാധികളുറം ക്കൊള്ളുന്ന അതിൻെറ പ്രമേയം ഔപചാരികമായി അവതരിപ്പിച്ചു. അമേരിക്കയുടെ വിദേശമന്ത്രിയായ മി. ഡള്ളസ്സ് ആ പ്രമേയം അവതരിപ്പിച്ചപ്പോറം പ്രകടമായിക്കണ്ട ജാഗ്രതയിൽനിന്നു് സൂയസ്സ്കനാൽ കാൎയ്യത്തിൽ ബ്രിട്ടനും ഫ്രാൻസിന്നുമുള്ള മനോഭാവത്തിൽനിന്നു വ്യത്യസ്തമായ ഒരു നയമാണ് അമേരിക്കക്കുള്ളതെന്നു് ചിലൎക്കുണ്ടായിരുന്ന തെററിദ്ധാരണ നീങ്ങിയിട്ടുണ്ടായിരിക്കണം. ബ്രിട്ടനും ഫ്രാൻസും പടയൊരുക്കം കൂട്ടിയിരുന്നപ്പോറം അമേരിക്ക പ്രദൎശിപ്പിച്ചിരുന്ന പ്രശാന്തത കോൺഫ്രൻസിൽ പ്രത്യക്ഷമായിക്കണ്ടില്ല. ആകയാൽ പാശ്ചാത്യ വൻശക്തികറം മൂന്നിന്നും ഒരേ വിധ നയപരിപാടി തന്നെയാണെന്നുള്ളതെന്നു ലണ്ടൻ കോൺഫ്രൻസ് തെളിയിച്ചിരിക്കയാണു്.

<u>നാലിനപരിപാടി:</u>—മി. ഡള്ളസ്സിൻെറ ആ പ്രമേയം ഒരു നാലിനപരിപാടിയാണു്. അതു താഴെ പറയുന്നവയാണു്:—

1. സൂയസ്സ് കനാലിൻെറ നിയന്ത്രണം ഒരു അന്താരാഷ്ട്രബോൎഡിൻെറ അധീനത്തിലായിരിക്കുകയും ഈജിപ്തിന്നു ആ ബോൎഡിൽ പ്രാതിനിദ്ധ്യമുണ്ടാവുകയും വേണം.

2. ഈജിപ്തിന്നു അനുയോജ്യമായ ആദായം ലഭിക്കുമെന്നു് ഉറപ്പു നൽകണം.

3. പഴയ ഈജിപ്ത് കനാൽ കമ്പനിയുടെ ഓഹരിക്കാർക്കു് ന്യായമായ വില കൊടുക്കണം.

4. 2,ഉം, 3, ഉം വകുപ്പിൽ പറഞ്ഞ കാര്യങ്ങളിൽ തർക്കമുത്ഭവിക്കുന്നതായാൽ അതു മാദ്ധ്യസ്ഥദ്വാരാ തീർച്ചപ്പെടുത്തണം.

ആഗസ്റ്റ് 17-ാംനു ചേർന്ന രണ്ടാം ദിവസത്തെ സമ്മേളനത്തിൽ ഈ അമേരിക്കൻ പരിപാടിയെ റഷ്യ കഠിനമായി എതിർത്തു. കനാലിനെ അന്താരാഷ്ട്രാധികാരത്തിലേല്പിക്കുന്നതിന്നു പകരം 1888-ലെ കോൺസ്റ്റാണ്ടിനേപ്പിൾ കരാറും 1954ലെ ആംഗ്ലോ ഈജിപ്ഷ്യൻ സന്ധിയുമനുസരിച്ച കപ്പൽ ഗതാഗതത്തിന്നു കനാൽ തുറന്നിരിക്കുമെന്നതിന്നു ഈജിപ്തിനെ ചുമതലപ്പെടുത്തുന്ന ഒരു അന്താരാഷ്ട്രകരാറാണ് ആവശ്യമെന്നു റഷ്യ ഒരു പ്രതിനിർദ്ദേശം സമർപ്പിക്കുകയും ചെയ്തു. റഷ്യൻ വിദേശമന്ത്രിയായ മി. ഷപ്പ്ലോവ് ഇതിനെപ്പററി ചെയ്ത പ്രസംഗത്തിൽ ചില പ്രധാന തത്വങ്ങൾ എടുത്തുകാട്ടി. കപ്പൽ ഗതാഗതം സ്വതന്ത്രമാക്കിവെക്കുന്നതിന്നുള്ള ഉത്തരവാദിത്വവും കനാലിനെ അഭിവൃദ്ധിപ്പെടുത്താനുള്ള അവകാശവും ഈജിപ്തിന്നായിരിക്കണമെന്നും അദ്ദേഹം നിഷ്കർഷിച്ചു. കനാലിന്മേൽ ഈജിപ്തിന്നുള്ള സർവ്വമേധാവിത്വത്തെ ഒരിക്കലും ചോദ്യം ചെയ്തുകൂടാത്തതാണെന്നും ഈ സവ്വ

മേധാവിത്വവും കനാൽ വഴിയായുള്ള കപ്പൽ ഗതാഗത സ്വാതന്ത്ര്യവും രണ്ടു വ്യത്യസ്തതത്വങ്ങളാണെന്നും അദ്ദേഹം കാര്യകാരണസഹിതം സമർത്ഥിച്ചു.

അമേരിക്ക നിർദ്ദേശിച്ച നാലു തത്വങ്ങളുടെ എതിരായി മി. ഷെപ്പ്ലോവ് താഴെ പറയുന്ന ഏഴു പ്രമാണങ്ങളാണവതരിപ്പിച്ചിരുന്നത്.

1. ഈജിപ്തിന്റെ കൈമാററംചെയ്യാവതല്ലാത്ത സ്വയം നിർണ്ണയാവകാശം സമ്മതിക്കുന്നതോടുകൂടി അന്താരാഷ്ട്ര വ്യാപാരത്തിൽ സൂയസ്സ് കനാലിനുള്ള പ്രാധാന്യം അംഗീകരിക്കണം.

2. എല്ലാ രാജ്യങ്ങളുടെ കപ്പലുകൾക്കും തുല്യമായ ചുങ്കം കൊടുത്തുകൊണ്ട് കനാൽ കടന്നുപോകാൻ കഴിയണം.

3. കപ്പൽ ഗതാഗതം സ്വതന്ത്രമാക്കുന്നതിനും, കനാലിനെ നല്ല സ്ഥിതിയിൽ സംരക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഈജിപ്ത് ഗവർമ്മേണ്ടിന്നായിരിക്കണം.

4. ചുങ്കം വർദ്ധിപ്പിക്കുമെന്നു ചില രാജ്യങ്ങൾക്കുള്ള സംശയത്തെ ആസ്പദമാക്കി ഈജിപ്തുമായി സംഭാഷണം നടത്തുന്നതു അനുയോജ്യമായ ഒരു നടപടിയാണ്.

5. 1888-ലെ കരാറിൽ ഒപ്പുവെച്ചിട്ടുള്ള രാഷ്ട്രങ്ങൾ സൂയസ്സ് കനാലിന്നോ അതിന്റെ പ്ലാന്റുകൾ

ക്കോ യാതൊരു നഷ്ടവും ഉണ്ടാക്കുന്നതല്ലെന്നു ഒരു പ്രത്യേക ഉറപ്പു നൽകുന്നതു നന്നായിരിക്കും.

6. കനാൽ അടച്ചിടാനോ പ്രവർത്തനത്തിന്നു തടസ്സം വരുത്താനോ അനുവദിക്കുന്നതല്ല.

7. ഈജിപ്തിന്നു സമ്മതമാകാവുന്ന വിധത്തിൽ ഒരു അന്താരാഷ്ട്ര സഹകരണമുണ്ടാക്കാൻ ഈജിപ്തു മായി കൂടിയാലോചനയിലേർപ്പെടണം.

റഷ്യയുടെ ഈ നിർദ്ദേശങ്ങൾ പാശ്ചാത്യ വൻ ശക്തികൾക്കു സമ്മതമായില്ല. അവ ഭൂരിപക്ഷത്തി ൻെറ പേരിൽ തള്ളിക്കളയുകയാണ്, ചെയ്തതു്.

ഇന്ത്യയുടെ നിർദ്ദേശം:—ഇതിൽപ്പിന്നെ ആഗ സ്റ്റ് 20-ാംനു അഞ്ചു വകുപ്പുകളടങ്ങിയ ഒരു പ്രത്യേക നിർദ്ദേശം ഇന്ത്യയുടെ വകയായി മി. വി. കെ. കൃഷ്ണ മേനോൻ അവതരിപ്പിച്ചു.

1. 1888 ലെ കോൺസ്റ്റാണ്ടിനോപ്പിൾ കരാറി നെപ്പററി പുനരാലോചന ചെയ്തുകൊണ്ടു് കനാൽ നട ത്തിപ്പു സുഗമമാക്കുന്നതിന്നാവശ്യമായ ഭേദഗതികൾ വരുത്തണം.

2. 1888 ലെ കരാറിലേർപ്പെട്ട രാഷ്ട്രങ്ങളും ഇ പ്പോൾ കനാലുപയോഗിച്ചുവരുന്ന എല്ലാ രാജ്യങ്ങളും ഉൾപ്പെട്ടുകൊണ്ടുള്ള ഒരു കോൺഫ്റൻസ് കൂടുന്നതട ക്കം ആവശ്യമായ നടപടികളെപ്പററി ആലോചി ക്കണം,

3. ഈജിപ്തിന്റെ ഉടമാവകാശത്തെപ്പററിയും, ഈജിപ്തിന്റെ നടപടികളുമായി കനാൽ ഉപയോഗിക്കുന്ന രാഷ്ട്രങ്ങൾക്കുണ്ടായിരിക്കേണ്ടതായ ബന്ധത്തെപ്പററിയും യാതൊരു മത്സരമനോഭാവവും കൂടാതെ കൂടിയാലോചന നടത്തണം.

4. സൂയസ്സ് കനാൽ ഉപയോഗിക്കുന്ന രാഷ്ട്രങ്ങളുടെ കനാൽ താല്പര്യങ്ങൾ അന്വേഷിക്കാൻ ഭൂമിശാസ്ത്രപരമായ യാതൊരു പ്രത്യേകാവകാശവും പാടില്ലെന്നുള്ള വ്യവസ്ഥയിന്മേൽ ഒരു ആലോചനാബോർഡ് സ്ഥാപിക്കണം.

5. ഈജിപ്ത് ഗവർമ്മേണ്ട് സൂയസ്സ് കനാൽ നടത്തിപ്പിന്റെ വാർഷിക റിപ്പോർട്ട് കൊല്ലംതോറും ഐക്യരാഷ്ട്ര സഭക്ക് സമർപ്പിക്കണം.

ഈ പ്രമാണങ്ങൾ സമർപ്പിച്ചുകൊണ്ടു മി. കൃഷ്ണമേനോൻ ഈജിപ്തുമായി കൂടിയാലോചന നടത്തുന്നതിന്നു ആറ ഉപാധികളും അഭിപ്രായപ്പെടുകയുണ്ടായി. അവ താഴെ ചേർക്കുന്നു:-

1. ഈജിപ്തിന്നു പൂർണ്ണ സ്വാതന്ത്ര്യാടിസ്ഥാനത്തിലുള്ള സ്വയം നിർണ്ണയാവകാശമുണ്ടെന്നും അടിസ്ഥാനമായംഗീകരിക്കണം.

2. സൂയസ്സ് കനാൽ ഈജിപ്തിന്റെ ആഭ്യന്തര ഭാഗമാണെന്നും അതോടുകൂടിത്തന്നെ അന്തരാഷ്ട്ര പ്രാധാന്യമുള്ള ഒരു സമുദ്രഗതാഗതമാർഗ്ഗമാണെന്നും താത്വികമായി സമ്മതിക്കണം.

3. 1888-ലെ കോൺസ്റ്റാണ്ടിനോപ്പിൾ കരാറിൻെറ അടിസ്ഥാനത്തിൽ എല്ലാം രാഷ്ട്രങ്ങളുടെയും കപ്പലുകൾക്കു മുടക്കം കൂടാതെ കനാലിൽ ഗതാഗത സ്വാതന്ത്ര്യമുണ്ടായിരിക്കണം.

4. കപ്പലുകളുടെ പോക്കുവരവിന്നു യുക്തവും നീതിപൂർവ്വവുമായ ചുങ്കം വസൂലാക്കണം. യാതൊരു പക്ഷഭേദവും കൂടാതെ എല്ലാ രാജ്യക്കാർക്കും കനാലുപയോഗിക്കാൻ സൌകര്യമുണ്ടായിരിക്കണം.

5. നവീനവും ശാസ്ത്രീയവുമായ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊണ്ടു് കനാലിനെ എല്ലാ അവസരങ്ങളിലും നല്ല നിലയിൽ നിലനിറുത്തണം.

6. കനാൽ ഉപയോഗിക്കുന്ന രാജ്യങ്ങളുടെ സൌകര്യങ്ങൾ പ്രത്യേകം പരിഗണിക്കണം.

അഞ്ചു വകുപ്പുകളും ആറു നടപടിക്രമങ്ങളും അടങ്ങിയ നിലയിൽ താനവതരിപ്പിച്ചിട്ടുള്ള നിർദ്ദേശം വേണ്ടുവോളം സുവ്യക്തമല്ലെന്നും അതു മനഃപൂർവ്വമായിത്തന്നെ അങ്ങിനെഅവ്യക്തമാക്കിയിരിക്കുകയാണെന്നും കൂടിയാലോചനമാർഗ്ഗം തുറന്നു കിട്ടലും ഈജിപ്തിൻെറ മേൽ ആദ്യമേതന്നെ വല്ല നിബന്ധനയും അടിച്ചേൽപ്പിക്കാതിരിക്കലുമാണു് അതിൻെറ ഉദ്ദേശ്യമെന്നും മി. കൃഷ്ണൻ മേനോൻ കോൺഫ്രൻസിൽവെച്ചു തന്നെ സമ്മതിക്കുകയുണ്ടായി. അതിന്നെതിരായുള്ള അമേരിക്കൻ നിർദ്ദേശത്തിൽ അന്താരാഷ്ട്ര നിയന്ത്രണം തുറന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് ആ അടിസ്ഥാനത്തി

ലൊരു കൂടിയാലോചനക്കുപോലും ഈജിപ്തു് തെയ്യാറാകുമായിരുന്നില്ല. ഇന്ത്യൻ നിർദ്ദേശം സൌമ്യവും സമാധാനത്തെയും സൌമനസ്യത്തെയും പരിഗണിച്ചവതരിപ്പിച്ചതുമായിക്കണ്ടതിനാൽ അതു ഈജിപ്തിൻെറ അനുമതിയോടുകൂടി സമർപ്പിച്ചതാണെന്നുപോലും എതിർപക്ഷക്കാർ പ്രസ്താവിക്കുകയുണ്ടായി. എങ്കിലും അതു ശരിയായിരുന്നില്ല. ആ തെററിദ്ധാരണയെ മി. കൃഷ്ണമേനോൻ ശക്തിപൂർവ്വം പ്രതിഷേധിച്ചതു് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്.

ആഗസ്റ്റ് 21:—ലണ്ടൻ കോൺഫ്റൻസ് നടന്ന ഏഴ ദിവസങ്ങളുടെ കൂട്ടത്തിൽ ആഗസ്റ്റ് 21നു് ഒരു സവിശേഷതയുണ്ടു്. ആ ദിവസം അമേരിക്കൻ പ്രതിനിധിയായ മി. ഡള്ളസ്സ് തൻെറ നിർദ്ദേശങ്ങൾക്കു് പാക്കിസ്ഥാൻ, തുക്കി, ഇറാൻ, അബിസീനാ എന്നിവ സമർപ്പിച്ചിട്ടുണ്ടായിരുന്ന ഭേദഗതികൾ താൻ സ്വീകരിക്കുന്നതായി സമ്മേളനത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അമേരിക്കയുടെ ഈ നടപടിമൂലം അതിനു് പാശ്ചാത്യ കൂട്ടുകെട്ടിലുള്ള രാജ്യങ്ങളിൽ ഭൂരിപക്ഷത്തിൻെറ പിൻബലമുണ്ടാകുമെന്നു തെളിഞ്ഞു കഴിഞ്ഞിരുന്നു. അതോടുകൂടിയാണു് 22-ൽ 18 രാഷ്ട്രങ്ങളും അമേരിക്കൻ പക്ഷത്തു് അണിനിരന്നതു്. ആ ചെറു സമ്മേളനത്തിൽവെച്ചുപോലും എതിർപക്ഷത്തുള്ള രാഷ്ട്രങ്ങളെ മനഃപൂർവ്വം അവഗണിക്കുന്ന ഒരു നിന്ദാവഹമായ അനുഭവമായിരുന്നു ആ പതിനെട്ടിൻെറ അട

വെന്നു പറയാതെ കഴികയില്ല. 18 രാഷ്ട്രങ്ങൾ ഏക പക്ഷമായി അഭിനയിച്ചതുകൊണ്ടുള്ള താല്പര്യം പാശ്ചാത്യ വൻശക്തികൾ ഏതൊരു ലക്ഷ്യം വെച്ചുകൊണ്ടു യോഗം വിളിച്ചുകൂട്ടിയോ ആ ലക്ഷ്യം അവക്ക് സാധിച്ചു കഴിഞ്ഞുവെന്ന് പ്രത്യക്ഷപ്പെടുത്തുകയായിരുന്നു. ആ സ്ഥിതിക്ക് പിന്നീട് യോഗം തുടർന്നു നടത്തുന്നതുതന്നെ നിരർത്ഥമായിരുന്നുവെന്നതിൽ സംശയമില്ല.

എങ്കിലും സമാധാനസന്ദേശവുമായി സമ്മേളനത്തിൽ സംബന്ധിച്ച മി. കൃഷ്ണമേനോൻ ആ അവസാനഘട്ടത്തിലും കൂടിയാലോചനാകവാടം കൊട്ടിയടക്കുന്ന ആ അമേരിക്കൻ പ്ലാൻ തള്ളിക്കളയണമെന്ന് കോൺഫ്രൻസ് പ്രതിനിധികളോട് ശക്തിപൂർവ്വം അഃപക്ഷിച്ചു. റഷ്യയും ഇന്ത്യയും പറഞ്ഞതനുസരിച്ച് കോൺഫ്രൻസ് 24 മണിക്കൂറുനേരത്തേക്ക് നിറുത്തിവെച്ചങ്കിലും മി. കൃഷ്ണമേനോൻെറ നിർദ്ദേശം പരിഗണിക്കപ്പെടുകയില്ലെന്നു ഭൂരിപക്ഷപ്രതിനിധികളുടെ മനോഭാവം പിന്നെയും പ്രകടമാക്കിയിട്ടുണ്ടായിരുന്നു. അവസാനം അതുതന്നെയാണ് സംഭവിച്ചതും. സമ്മേളനത്തിൻെറ അന്ത്യദിവസമായ ആഗസ്റ്റ് 23-ാംനു- പാക്കിസ്ഥാൻ മുതലായ രാഷ്ട്രങ്ങളുടെ ഭേദഗതി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അമേരിക്കൻ പ്രമേയം അംഗീകരിക്കപ്പെട്ടു. എങ്കിലും 24 മണിക്കൂറ് താമസിപ്പിച്ചതുകൊണ്ട് തീരെ ഫലമുണ്ടാവാതിരുന്നില്ല. കോൺഫ്രസ്സിൻെറ പൂർണ്ണ നടപടികളെപ്പററി ഈജിപ്തിന്നു

അറിവു് നൽകേണ്ടതാണെന്നു് ഒരു പുതിയ തീരുമാനംകൂടി കൈക്കൊള്ളുന്നതിന്നു ആ താമസം സൌകര്യമുണ്ടാക്കി. പാശ്ചാത്യ വൻശക്തികളും അവയുടെ സ്വാധീനതയിലുള്ള മററു രാഷ്ട്രങ്ങളും അതിന്നും മുമ്പു തെയ്യാറുണ്ടായിരുന്നില്ല. ഏതായാലും കോൺഫ്രൻസ് പാശ്ചാത്യ വൻശക്തികളുടെ ആഗ്രഹത്തിന്നൊത്ത നിലയിൽ ഒരു പ്രഹസനമായിത്തന്നെ പര്യവസാനിച്ചുവെന്നുള്ളതിൽ സംശയമില്ല.

ഭേദപ്പെടുത്തിയ നിർദ്ദേശം:—ഭേദഗതി ചെയ്യപ്പെട്ട ആ അമേരിക്കൻ നിർദ്ദേശം താഴെ ചേർക്കുന്നു:—

1. 1888ലെ ഉടമ്പടിയുടെ മുഖവുരയിൽ പറഞ്ഞ പ്രകാരം എല്ലാ ശക്തികൾക്കും സൂയസ്സ് കനാൽ സ്വതന്ത്രമായി ഉപയോഗിക്കുന്നതിന്നുപയുക്തമായ ഒരു അന്താരാഷ്ട്ര സ്ഥാപനം ആവശ്യമാണു്.

2. ഇങ്ങിനെയൊരു സ്ഥാപനം രൂപവല്ക്കരിക്കുന്നതിൽ ഈജിപ്തിൻെറ സ്വതന്ത്രരാഷ്ട്രമെന്ന നിലപാടു പരിഗണിക്കപ്പെടുന്നതാണു്.

എ. കനാൽ എല്ലാവർക്കുമായി തുറന്നിരിക്കുന്നതും ഒരു അന്താരാഷ്ട്രജലമാർഗ്ഗമെന്ന നിലക്കു് കനാലിനെ മേൽനോട്ടം ചെയ്യുന്നതിന്നും അതിനെ വിസ്തൃതമാക്കുന്നതിന്നും ആ സംഘത്തിന്നധികാരമുണ്ടായിരിക്കുന്നതുമാണു്.

ബി. കനാലിൽക്കൂടിയുള്ള ഗതാഗതത്തെ ഏതു രാഷ്ട്രത്തിൻെറയും രാഷ്ട്രീയാധികാരത്തിന്നു വിധേയമായിരിക്കാതെ സൂക്ഷിക്കുന്നതാണു്.

സി. സൂയസ്സ് കനാൽ ഉപയോഗിക്കുന്ന രാജ്യങ്ങൾ ഈജിപ്തിന്നു യുക്തവും നീതിപൂർവ്വവുമായ പ്രതിഫലം കൊടുക്കും. കനാലിനെ വിസ്തൃതമാക്കുകയോ കൂടുതൽ ഉപയോഗിക്കുകയോ ചെയ്യുന്നതോടുകൂടി ആ പ്രതിഫലം വർദ്ധിപ്പിക്കുന്നതുമാണ്.

ഡി. മേൽപറഞ്ഞ ആവശ്യങ്ങൾക്കായിരുന്നാലും, കനാൽ ഉപയോഗിക്കുന്നവർക്ക് ഏററവും ചുരുങ്ങിയ ചുങ്കം മാത്രം ചുമത്തുന്നതും, സി. ഉപവകുപ്പിൽ പറഞ്ഞ ആവശ്യങ്ങൾക്കല്ലാതെ കൂടുതൽ സംഖ്യ വാങ്ങാതിരിക്കുന്നതുമാണ്.

3. ഈ ആവശ്യങ്ങൾക്കായി ഒരു കരാറു നടക്കണമെന്ന ഉദ്ദേശത്തിന്മേൽ ഈജിപ്തുമായി കൂടിയാലോചന നടത്തുന്നതിന്നു താഴെ പറയുന്ന കാര്യങ്ങളെ അടിസ്ഥാന തത്വങ്ങളായി സ്വീകരിക്കേണ്ടതാണ്.

എ. കനാൽ ഉപയോഗിക്കുന്ന രാഷ്ട്രങ്ങൾക്കു ഈജിപ്തുമായി സഹകരണമുണ്ടാവാനും കനാലിൻെറ വികസനവും അഭിവൃദ്ധിയും ഇരുകൂട്ടരുടെയും താല്പര്യത്തിന്നൊത്തവണ്ണം സാധിക്കുവാനുമായി ഒരു ബോർഡ് ഉണ്ടായിരിക്കണം. കനാലിൽക്കൂടി ഗതാഗതം ചെയ്യുന്ന കപ്പലുകളുടെ എണ്ണം വർദ്ധിക്കുകയും എത്ര വലിയ കപ്പലിന്നും കനാലിൽക്കൂടി സഞ്ചരിക്കാൻ സാധിക്കുകയും ചെയ്യത്തക്ക ഏർപ്പാടുകൾക്ക് ബോർഡിന്നധികാരമുണ്ടായിരിക്കണം. ബോർഡിന്നു് ആവശ്യമായ സഹായവും സൌകര്യവും ഈജിപ്ത് ചെയ്തുകൊടു

ക്കണം. ഈജിപ്തും മററു രാജ്യങ്ങളും തമ്മിൽ നടക്കു ന്ന കരാറിൽ ബോർഡിൻെറ അധികാരാവകാശങ്ങാം വിശദമായി പ്രസ്താവിച്ചിരിക്കണം. ബോർഡിൽ ഈ ജിപ്തിന്നു പുറമെ ഈജിപ്തുമായി കരാറിൽ ഏർപ്പെ ട്ടന്ന രാജ്യങ്ങളിൽനിന്നു ഭൂപരമായും വ്യാപാരപരമായു മുള്ള പ്രാധാന്യം നോക്കി മററു രാഷ്ട്രങ്ങളുടെ പ്രതി നിധികളെയും ഉൾപ്പെടുത്തുന്നതാണ്. കനാൽ ഭരണം കഴിയുന്നത്ര നന്നായിത്തീരാനും കനാലിൻെറ ഉപയോ ഗം പരിപൂർണ്ണമാക്കാനും കനാൽ ഉപയോഗിക്കുന്ന ഒരു രാഷ്ട്രത്തോടും പക്ഷഭേദം കാണിക്കാതിരിക്കാനു മുതകുന്ന ബോർഡാണ് രൂപവൽക്കരിക്കുക. ഈ ബോർഡ് നിശ്ചിതകാലങ്ങളിൽ ഐക്യരാഷ്ട്രസഭക്കു റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ബി. കനാൽ ഭരണത്തിൽ ഈജിപ്തും ഇതര രാഷ്ട്രങ്ങളും തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങാം തീർക്കു ന്നതിന്നു ഒരു കമീഷനെയും നിയമിക്കുന്നതാണ്.

സി. കനാലിൻെറ ഉപയോഗത്തിൽ കൈകടത്തു ന്നതും അതുപയോഗിക്കുന്നതു സംബന്ധിച്ചുള്ള നിയമ ങ്ങാം ലംഘിക്കുന്നതും സമാധാനലംഘനമായും ഐക്യ രാഷ്ട്രസഭയുടെ ഉദ്ദേശത്തിന്നു വിരുദ്ധമായ ഒരു നട പടിയായും പരിഗണിച്ചു ആവശ്യമായ പ്രതിവിധി കാം കൈക്കൊള്ളുന്നതാണ്.

<u>പ്രതിനിധിസംഘം:</u>—കോൺഫ്രൻസിൻെറ ഭൂരി പക്ഷാഭിപ്രായം ഒരു തീരുമാനമായംഗീകരിക്കാതിരി

ക്കാനും കോൺഫ്രൻസ് നടപടികൾ യഥാക്രമം ഈജി പ്തിനെ ധരിപ്പിക്കാനുമാണല്ലോ അവസാനം തീർച്ച പ്പെടുത്തിയതു്. അതനുസരിച്ച് ഈജിപ്തിൽ പോകേ ണ്ട പ്രതിനിധി സംഘത്തിൽ ആസ്ത്രേല്യ, അമേരിക്ക, സ്വീഡൻ, ഇറാൻ, അബിസീന എന്നീ രാഷ്ട്രങ്ങൾ ക്കാണ് പ്രാതിനിധ്യം അനുവദിച്ചിരിക്കുന്നതു്. ആസ്ത്രേ ല്യൻ പ്രധാനമന്ത്രിയായ മി. മെൻസിസ് പ്രതിനിധി സംഘത്തിൻെറ നേതാവായിരിക്കുമെന്നും തീർച്ചപ്പെ ട്ടുത്തിയിരുന്നു. പ്രതിനിധി സംഘത്തിൻെറ നേതാവു് കർണ്ണൽ നാസിറിന്ന് കത്തെഴുതിയതനുസരിച്ച് സപ്ത മ്പർ 3-ാംനു തിങ്കളാഴ്ച പ്രതിനിധിസംഘം ഈജി പ്തിൽ ചെല്ലാൻ നിശ്ചയിച്ചു. ഈജിപ്തു് ഈ പ്രതിനി ധിസംഘത്തെ കേവലം ബഹിഷ്ക്കരിക്കുമെന്നാണ് ആദ്യം കേട്ടിരുന്നതു്. എങ്കിലും സമാധാന സന്ദേശ വാഹിയായ മി. കൃഷ്ണമേനോൻ ഇംഗ്ലണ്ടിൽ നിന്നു തി ച്ചുപോന്ന മദ്ധ്യേ കയറോവിലിറങ്ങി കമാൽ അബ്ദു ന്നാസിറുമായും മററും നടത്തിയ സംഭാഷണത്തിൻെറ ഫലമായി അവസാനം പ്രതിതിധി സംഘത്തെ സ്വാ ഗതം ചെയ്യാൻ നാസിർ സന്നദ്ധനായി. അതുകൊണ്ടു് പ്രതിനിധിസംഘത്തിന്നു് ഈജിപ്തിൽ പോയി സംഭാ ഷണത്തിലേർപ്പെടാൻ സാധിച്ചു. പാശ്ചാത്യ കോയ്മ കൾ തെയ്യാറാക്കിയിരുന്ന പ്ലാൻ ഈജിപ്തിനെ വീണ്ടും അടിമത്തത്തിൽ അകപ്പെടുത്തുവാനും അവക്ക് സന്ദർഭ വശാൽ നഷ്ടപ്പെട്ട അധികാരാവകാശങ്ങൾ പുനഃസ്ഥാ പിക്കാനുമായിരുന്നുവെന്നുള്ളതിൽ സംശയമില്ല.

ഒരു സ്വതന്ത്ര രാഷ്ട്രത്തെപ്പററി ഏതാനും വൻ രാഷ്ട്രങ്ങൾ തങ്ങളുടെ കീഴിലുള്ള ഇതര രാഷ്ട്രങ്ങളെ ഒരുമിച്ചു കൂട്ടിക്കൊണ്ടു് അതു ഭൂമിശാസ്ത്രപരമായി അന്താരാഷ്ട്ര പ്രാധാന്യമുള്ള രാജ്യമായതിനാൽ അതിനെ അന്താരാഷ്ട്ര സംരക്ഷണത്തിൽ നിറുത്തേണ്ടതാണെന്നു തീരുമാനിക്കുക; ആ ചെറു രാജ്യം അതിന്നു് വഴിപ്പെടാതിരിക്കുന്നതായാൽ പടയൊരുക്കം കൊണ്ടു് ഭീഷണിപ്പെടുത്തി അതിനെ വഴിപ്പെടുത്തുക, ഇതാണു് സൂയസ്സ്കനാലിനെ സംബന്ധിച്ചിടത്തോളം ഈജിപ്തും വൻരാഷ്ട്രങ്ങളും തമ്മിൽ നടക്കുന്ന ഈ വടംവലിയുടെ യഥാർത്ഥ നില. സൂയസ്സ്കനാൽ ഈജിപ്തിന്റേതാണെന്നു് സമ്മതിക്കാതെ കഴിയുമോ? അതു ഈജിപ്തിന്റെ രാജ്യാന്തർഭാഗത്തുള്ള ഒരു ജല മാർഗ്ഗമാണെന്നു് 1888ലേയും 1954ലെയും കരാറുകളിൽ വ്യക്തമായി സമ്മതിച്ചിട്ടുണ്ടു്. ഈജിപ്തിന്റെ ആഭ്യന്തര പ്രദേശമാണെന്നു് സമ്മതിച്ചിട്ടുള്ള ആ കരാറിനെ ലംഘിച്ചുകൊണ്ടാണു് വൻശക്തികൾ പടയൊരുക്കം കൊണ്ടു് സൂയസ്സ്കനാലിനെ ഈജിപ്തിന്റെ അധീനത്തിൽനിന്നു തട്ടിപ്പറിക്കാൻ നോക്കുന്നതു്. ആ കനാലിന്നു വേണ്ടി ലക്ഷത്തിരുപത്തിനാലായിരം ഈജിപ്ത്കാരുടെ ജീവൻ ബലിയർപ്പിക്കപ്പെട്ടിട്ടുള്ള വസ്തുത കൂടി ഇവിടെ ചിന്തിക്കേണ്ടതുണ്ടു്. കനാൽ കീറാൻ വേണ്ടി വന്ന പകുതിയിലധികം പണച്ചെലവും ഈജിപ്തിന്റേതാണ്. ആ സ്ഥിതിക്കു അറബികളൊട്ടുക്കും കനാലിനെ രക്ഷിക്കുന്നതിന്നു് എത്ര

വമ്പിച്ച ത്യാഗത്തിന്നും സന്നദ്ധരായിട്ടുള്ളതിൽ അത്ഭുതത്തിന്നവകാശമില്ല. സൂയസ്സിനെ അന്താരാഷ്ട്രാധികാരത്തിൽ വിട്ടുകൊടുക്കുകയെന്നതിൻെറ അർത്ഥം ഈജിപ്റ്റിൽ നിലവിലുള്ള ഗവമ്മേണ്ടിന്നു പുറമെ ഒരു ഗവർമ്മേണ്ടു കൂടി സ്ഥാപിക്കുകയെന്നാണെന്നു് ജമാൽ അബ്ദുന്നാസിറിൻെറ പ്രത്യേകാനുചരനായ വിങ്ങ് കമാണ്ടർ അലീസാബിരി ലണ്ടൻ വിടുന്നതിന്നു മുമ്പു തന്നെ പ്രസ്താവിച്ചു കഴിഞ്ഞിരുന്നു. അങ്ങിനെയൊരു അന്താരാഷ്ട്ര ഭരണം ഏർപ്പെടുത്തിയാൽ ഈജിപ്റ്റിന്നു മടങ്ങിക്കിട്ടിയ അതിൻെറ സ്വാതന്ത്ര്യം ഇനിയും നഷ്ടപ്പെടും. സൂയസ്സ് കനാൽ കൈവശം വെച്ചുകൊണ്ടാണു് ബ്രിട്ടൻ നൂറു കൊല്ലക്കാലം ഈജിപ്തിനെ അടിമത്തത്തിൽ അമർത്തി വെച്ചതു്. ഇപ്പോൾ സ്വതന്ത്രമായിക്കഴിഞ്ഞിട്ടുള്ള സ്ഥിതിക്കു് ഇനിയൊരിക്കൽ അടിമത്തം ആസ്വദിക്കാൻ കൂടി ഈജിപ്തു് തെയ്യാറാകയില്ല. അതിനേക്കാൾ നല്ലതു് മരണമാണെന്നു് ഈജിപ്തുകാർ ഉറച്ചു കഴിഞ്ഞിട്ടുണ്ടു്. ഈ അന്ത്യപരീക്ഷണത്തിൽ ഈജിപ്തു് വിജയിക്കണമെന്നു് സ്വാതന്ത്ര്യപ്രേമികളെല്ലാം ആഗ്രഹിക്കുന്നുമുണ്ടു്.

കോൺഫ്രൻസിനെത്തുടന്നു് പ്രതിനിധിസംഘം ഈജിപ്തിൽ നടത്തിയ കൂടിയാലോചന പരാജയപ്പെട്ടതിനാൽ ആ പഞ്ചരാഷ്ട്ര പ്രതിനിധികൾ ഇച്ഛാഭംഗത്തോടെ മടങ്ങി.

# 1888-ലെ സൂയസ്സ്കനാൽ കരാറ്.

വകുപ്പ് 1.

യാതൊരു കൊടിക്കും വിശേഷത കല്പിക്കാതെ, സൂയസ്സ്കനാൽ, യുദ്ധകാലങ്ങളിലും സമാധാന കാലങ്ങളിലും കച്ചവടക്കപ്പലുകൾക്കും യുദ്ധക്കപ്പലുകൾക്കുമെല്ലാം എല്ലാ സമയങ്ങളിലും തുറന്നിരിക്കേണ്ടതായതിനാൽ ഉടമ്പടിയിൽ ഒപ്പു വെക്കുന്ന കക്ഷികൾ യുദ്ധ കാലങ്ങളിലും സമാധാന കാലങ്ങളിലും കനാൽ ഉപയോഗിക്കുന്നതിൽ തടസ്സമുണ്ടാക്കുന്നതല്ലെന്നും, കനാൽ അടച്ചിടുകയില്ലെന്നുമുള്ള നിശ്ചയത്തിൽ ഏകോപിച്ചിരിക്കുന്നു.

വകുപ്പ് 2.

ഈ സമുദ്ര കനാലിനെ അനുഗമിച്ചുകൊണ്ടു ഒരു ശുദ്ധജലത്തോട് കൂടി ഉണ്ടായിരിക്കേണ്ടതായതിനാൽ ആ ശുദ്ധജല തോടിൻെറ ഉപയോഗത്തിലും കൈകടത്തുന്നതല്ലെന്നുകൂടി പാർട്ടികൾ പരസ്പരം നിശ്ചയിക്കുന്നു.

വകുപ്പ് 3.

ഉടമ്പടിയിൽ ഏർപ്പെട്ട രാജ്യങ്ങൾ കനാല്ക്കരയിലെ മരങ്ങൾ, പ്ലാന്റുകൾ, ഏടുപ്പുകൾ ഇവയുടെകാര്യത്തിലും കപ്പലോട്ട സംബന്ധമായ മററു ഏർപ്പാടുകളിലും യാതൊരു വിധത്തിലും ദോഷമുണ്ടാക്കുകയില്ലെന്നും അന്യോന്യം നിശ്ചയിക്കുന്നു.

## വകുപ്പ് 4.

ഉടമ്പടിയിലെ ഒന്നാം വകുപ്പ് പ്രകാരം യുദ്ധകാലത്തു യുദ്ധത്തിൽ പങ്കുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ പടക്കപ്പലുകൾക്കും സ്വതന്ത്ര ഗതാഗതമാർഗ്ഗമെന്ന നിലക്കു സൂയസ്സ് കനാൽ തുറന്നിരിക്കുന്നതാണ്. സൂയസ്സ് കനാൽ തുറമുഖങ്ങളിലോ തുറമുഖങ്ങളുമായി മൂന്നു നാഴികമാത്രം വിട്ട സ്ഥലങ്ങളിലോ വെച്ച് യുദ്ധപരമായ യാതൊരു ഏർപ്പാടിന്നും ആർക്കും അവകാശമുണ്ടായിരിക്കുന്നതല്ല. സ്വതന്ത്രമായ കപ്പൽ ഗതാഗതത്തിൽ യാതൊരു തടസ്സവുമുണ്ടാക്കുന്നതുമല്ല. ഒട്ടോമാൻ തുർക്കി സാമ്രാജ്യത്തിലെ ഏതെങ്കിലുമൊരു കക്ഷിയാണെങ്കിൽ കൂടി അങ്ങിനെ ചെയ്യാൻ അധികാരമുണ്ടായിരിക്കയില്ല. (ഉസ്മാനിയാസാമ്രാജ്യത്തിൻെറ കീഴിലാണ് അക്കാലത്ത് മിസർ രാജ്യം സ്ഥിതി ചെയ്തിരുന്നത്.)

യുദ്ധത്തിലേർപ്പെട്ട പടക്കപ്പലുകൾക്കു സൂയസ്സ് കനാലിലെ തുറമുഖങ്ങളിലോ കനാലിലോ വെച്ച് കല്ക്കരിയോ വെള്ളമോ മററു വല്ല സാധനവുമോ വാങ്ങാൻ അനുവാദമുണ്ടായിരിക്കുന്നതല്ല. അനിവാര്യമായ ആവശ്യം നേരിട്ടാൽ മാത്രമെ അങ്ങിനെ ചെയ്യാൻ പാടുള്ളു.

യുദ്ധക്കപ്പലുകൾ ഏററവും ചുരുങ്ങിയ താമസത്തോടുകൂടി കനാൽ കടന്നു പോകേണ്ടതാണ്. വല്ല പ്രത്യേക കുഴപ്പത്തിലും അകപ്പെട്ടാലല്ലാതെ പോർട്ട് സയീദിലും, സൂയസ്സ് കനാലിലും 24 മണിക്കൂറിലധികം ആ കപ്പലുകൾ നില്ക്കാൻ പാടുള്ളതുമല്ല. കുഴപ്പങ്ങൾ

നേരിട്ട സ്ഥിതിയിലും കഴിയുന്ന വേഗം അവ സൂയസ്സ് കനാൽ വിടേണ്ടതാണ്. യുദ്ധത്തിലേർപ്പെട്ട എതിർ പാർട്ടികളുടെ കപ്പലുകളുടെ ഗതാഗതത്തിൽ 24 മണിക്കൂർ താമസമെന്നത് ഒരു സാധാരണ സമ്പ്രദായമായിരിക്കണം.

വകുപ്പ് 5.

യുദ്ധകാലങ്ങളിൽ യുദ്ധത്തിലേർപ്പെട്ട രാജ്യങ്ങളുടെ കപ്പലുകൾക്ക് സൂയസ്സ്കനാൽ തുറമുഖങ്ങളിലും കനാലിലും പട്ടാളത്തേയും വെടിക്കോപ്പുകളും യുദ്ധസാമഗ്രികളും ഇറക്കുവാനും അവിടങ്ങളിൽനിന്നു കയറുവാനും അനുവാദമുണ്ടായിരിക്കുകയില്ല. എങ്കിലും യാദൃച്ഛികമായി നേരിടുന്ന കാരണങ്ങളാൽ മാർഗ്ഗമദ്ധ്യേയുള്ള തുറമുഖങ്ങളിൽ സൈന്യങ്ങളെ ഇറക്കാവുന്നതാണ്. പക്ഷെ ആയിരത്തിലധികം പട്ടാളക്കാരെ ഇറക്കുവാനും അവർക്കു ആവശ്യമായി വരുന്നതിൽ കവിഞ്ഞ സാമാനങ്ങൾ ഇറക്കുവാനും ഒരിക്കലും പാടുള്ളതല്ല.

വകുപ്പ് 6.

യുദ്ധ നിയമങ്ങൾ പ്രകാരം കൈവശപ്പെടുത്തുന്ന കപ്പലുകളെസ്സംബന്ധിച്ചും യുദ്ധത്തിലേർപ്പെട്ട രാജ്യങ്ങളുടെ കപ്പലുകൾക്കു ബാധകമായ അതേ നിയമങ്ങൾ തന്നെ ബാധിക്കുന്നതാണ്.

വകുപ്പ് 7.

ഉടമ്പടിയിൽ ഒപ്പുവെക്കുന്ന രാജ്യങ്ങൾക്കു കനാൽ ജലാശയത്തിൽ(തിംസാ തടാകവും ഉപ്പുവെള്ളം

നില്ക്കുന്ന തടാകങ്ങളും ഉൾപ്പെട്ടും) കപ്പലുകൾ നിറു ത്താൻ പാടുള്ളതല്ല. എന്നാൽ പോർട്ട് സയീദിലും സൂയസ്സ് കനാലിനോട്ട് ചേർന്നു കിടക്കുന്ന തുറമുഖങ്ങ ളിലും കപ്പലുകൾ നിറുത്താൻ അവകാശമുണ്ടായി രിക്കും. എങ്കിലും അവയുടെ എണ്ണം രണ്ടിൽ കവി യാൻ പാടില്ല. എന്നാൽ ഈ അവകാശം യുദ്ധത്തിലേ ർപ്പെട്ട രാഷ്ട്രങ്ങൾക്കുണ്ടായിരിക്കുന്നതല്ല.

വകുപ്പ് 8.

ഈ ഉടമ്പടിയിൽ ഒപ്പുവെക്കുന്ന രാഷ്ട്രങ്ങളുടെ ഏജണ്ടുമാർ ഈ ഉടമ്പടിയുടെ നടത്തിപ്പുമേൽനോട്ടം ചെയ്യുന്നതിന്നു നിയമിക്കപ്പെടുന്നതായിരിക്കും. കനാ ലിൻെറ രക്ഷക്കോ അതിലെ സ്വാതന്ത്ര്യമായ ഗതാഗത ത്തിന്നോ ആപത്തു നേരിട്ടാൽ ഈ ഏജണ്ടുമാർ ഏററവും ഉയർന്ന രാഷ്ട്രത്തിൻെറ ഏജണ്ടിനെ അദ്ധ്യക്ഷനാക്കിക്കൊണ്ടു് യോഗം കൂടി സ്ഥിതിഗതി കളെപ്പററി അന്വേഷണം നടത്തേണ്ടതാണ്. ആപ ത്തുണ്ടെന്നു ബോദ്ധ്യമായാൽ അതിനെപ്പററി കനാ ലിൽക്കൂടിയുള്ള സ്വാതന്ത്ര്യ ഗതാഗത മാർഗ്ഗത്തിന്നു് ആവശ്യമായ നടപടികൾ അംഗീകരിക്കത്തക്കവണ്ണം ഖെദൈവുഗവർമ്മേണ്ടിനെ അറിയിക്കേണ്ടതാണ്. ഏതു സ്ഥിതിയിലും കൊല്ലത്തിലൊരിക്കൽ ഏജണ്ടുമാർ മീററിങ്ങ് കൂടി ഉടമ്പടിയുടെ പ്രവർത്തനത്തെ പരിശോധിക്കുന്നതാണ്. ആ യോഗങ്ങൾ ഒരു സ്പെഷൽ കമീഷണറുടെ അദ്ധ്യക്ഷതയിലായിരി

കുന്നതും അയാളെ ഉസ്മാനിയാ ഗവർമ്മേണ്ടു് നിയമിക്കുന്നതുമായിരിക്കും. യോഗത്തിൽ മിസർ ഖുദൈവിൻെറ ഒരു കമീഷണർക്കും പങ്കെടുക്കാനധികാരമുണ്ടായിരിക്കും. ഉസ്മാനിയാ ഗവർമ്മേണ്ടിൻെറ കമീഷണറില്ലാതിരുന്നാൽ മിസർ കമീഷണറായിരിക്കും യോഗാദ്ധ്യക്ഷൻ. ഈ യോഗത്തിന്നു, കപ്പൽ ഗതാഗതത്തിന്നു തടസ്സം വരത്തക്കവണ്ണം കനാലിലോ കനാലിൻെറ കരയിലെവിടെയെങ്കിലുമോ ഉണ്ടാകുന്ന ജനക്കൂട്ടത്തെ പിരിച്ചു വിടാൻ അധികാരമുണ്ടാവുന്നതുമാണു്.

വകുപ്പു് 9.

ഈജിപ്തു് ഗവർമ്മേണ്ടിന്നു് പ്രമാണമുഖാരാലഭിക്കുന്ന അധികാരാതൃത്തിയിൽ നിന്നുകൊണ്ടു് ഉടമ്പടി നടപ്പിൽ വരുത്തുന്നതിന്നാവശ്യമായ നടപടികൾ അംഗീകരിക്കുന്നതിന്നവകാശമുണ്ടു്. ഈജിപ്തു ഗവർമ്മേണ്ടിന്നു് സാധിക്കാതെ വരുമ്പോൾ ഈജിപ്തു് ഉസ്മാനിയാ ഗവർമ്മേണ്ടിനോടപേക്ഷിക്കേണ്ടതും ഉസ്മാനിയാ ഗവർമ്മേണ്ടു് ഉടനെ ആ അപേക്ഷപ്രകാരം പ്രവർത്തിക്കേണ്ടതുമാണു്. ഉസ്മാനിയാ ഗവർമ്മേണ്ടു് ഇടപെടാൻ പോകുന്ന വർത്തമാനം 1885 മാർച്ചു് 17ാംനു-ത്തെ ലണ്ടൻ പ്രഖ്യാപനത്തിൽ ഒപ്പു വെച്ച കോയ്മകളെ അറിയിക്കേണ്ടതും ആവശ്യമായിക്കാണുമ്പോൾ അവരിൽനിന്നു അനുവാദം വാങ്ങേണ്ടതുമാണു്.

ഈ വകുപ്പനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കു 4, 5, 7, 8വകുപ്പുകൾ പ്രതിബന്ധമാകുന്നതല്ല.

വകുപ്പ് 10.

ഇതുപ്രകാരംതന്നെ 4, 5, 7, 8 വകുപ്പുകൾ ബഹു മാനപ്പെട്ട സുൽത്താൻെറയും തിരുമനസ്സിൽനിന്നുള്ള ഉത്തരവനുസരിച്ചു പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട മിസർ ഖുദൈവിൻെറയും ഈജിപ്തിൻെറ രക്ഷക്കും രാജ്യസമാധാനത്തിന്നുമായി സ്വസൈന്യങ്ങളെ നി യോഗിക്കുന്നതിന്നുള്ള അവകാശത്തിന്നു ഒരു വിധത്തി ലും തടസ്സമാകുന്നതുമല്ല.

ബഹുമാനപ്പെട്ട സുൽത്താന്നോ, ബഹുമാനപ്പെട്ട മിസർ ഖുദൈവിന്നോ ഈ വകുപ്പു പ്രകാരമുള്ള പ്രവർ ത്തനത്തിന്നു് സൈന്യനടപടി ആവശ്യമായിത്തോന്നി യാൽ ആ വസ്തുത തുർക്കി ഗവർമ്മേണ്ടു് വഴിയായി, ലണ്ടൻ വിളംബരത്തിൽ ഒപ്പുവെച്ചിട്ടുള്ള കോയ്മകളെ അവർ അറിയിക്കേണ്ടതാണു്.

ഇതുപോലെത്തന്നെ തുർക്കിക്കു് ചെങ്കടലുമായി ബന്ധപ്പെട്ടു കിടക്കുന്നതും തൻെറ വക കടലിൻെറ മറു കരയുമായ പ്രദേശങ്ങളുടെ രക്ഷക്കും സമാധാനപരിപാ ലനത്തിന്നും രാജ്യരക്ഷാ ശക്തികൾ ഉപയോഗിക്കണ മെന്നു തോന്നിയാൽ അതിന്നും മീതെ പ്രസ്താവിച്ച നാലു വകുപ്പുകൾ പ്രതിബന്ധമാകുന്നതല്ലെന്നു സർവ്വസമ്മത മായ ഒരു തത്വമെന്ന നിലയിൽ ഇവിടെ അനുസ്മരിച്ചി രിക്കുന്നു.

വകുപ്പ് 11.

നിലവിലുള്ള ഉടമ്പടിയുടെ 9 ഉം, 10 ഉം വകുപ്പു കൾ പ്രകാരമുള്ള യാതൊരു നടപടികൊണ്ടും സൂയസ്സ് കനാലിൻെറ സ്വതന്ത്രമായ ഉപയോഗത്തിന്നു ഒരു തട സ്സവും വരുന്നതല്ല. 8-ാം വകുപ്പിന്നു് വിരുദ്ധമായ

നിലയിൽ പ്രത്യേക കോട്ടകെട്ടിയുറപ്പിക്കുന്നതു് വിരോധിച്ചിട്ടുമുണ്ടു്.

വകുപ്പ് 12.

ഈ ഉടമ്പടിയുടെ അടിസ്ഥാന തത്വമായ സൂയസ്സ്കനാലിൻെറ സ്വതന്ത്രമായ ഉപയോഗം സാദ്ധ്യമാകണമെന്ന ലക്ഷ്യത്തെ ആസ്പദമാക്കി ഉടമ്പടിയിൽ പങ്കുകൊണ്ട രാഷ്ട്രങ്ങൾ സൂയസ്സ്കനാൽ വഴിക്കു് പ്രാദേശികമോ വ്യാപാരപരമോ ആയ ആദായം പററാൻ ഒരിക്കലും ആഗ്രഹിക്കുന്നതല്ലെന്നും അത്തരം ആവശ്യങ്ങൾ സാധിക്കാനായി അന്താരാഷ്ട്രകരാറുകളിൽ ഏർപ്പെടുന്നതല്ലെന്നും കൂടാതെ സൂയസ്സിൽ പ്രാദേശികതാല്പര്യമുള്ളവരുടെ കൂട്ടത്തിൽ തുക്കിയുടെ താല്പര്യം എപ്പോഴും സുരക്ഷിതമായിരിക്കുമെന്നും ഉടമ്പടിയിൽ സംബന്ധിച്ച ആളുകൾ പ്രഖ്യാപിക്കുന്നു.

വകുപ്പ് 13.

ഈ ഉടമ്പടിയുടെ പ്രഖ്യാപനങ്ങൾക്കും വകുപ്പുകൾക്കുമനുസരിച്ചുള്ള ഉത്തരവാദിത്വമല്ലാതെ ബഹുമാനപ്പെട്ട സുൽത്താന്നു് മററു യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല. കൂടാതെ തിരുമനസ്സിലെ സ്വതന്ത്രമായ അവകാശങ്ങളിലും തിരുമനസ്സിലെ കല്പനപ്രകാരം ഖുദൈവിന്നുണ്ടായിരിക്കുന്ന അവകാശാധികാരങ്ങളിലും ഈ ഉടമ്പടി ഒരു വിധത്തിലും കൈകടത്തുന്നതുമല്ല.

വകുപ്പ് 14.

ഈ ഉടമ്പടിയുടെ ഉത്തരവാദിത്വത്തിന്മേൽ അന്താരാഷ്ട്ര സൂയസ്സ്കനാൽ കമ്പനിക്കു് കരാറുപ്ര

കാരം ലഭിച്ചിട്ടുള്ള അധികാരാവകാശങ്ങളിൽ കാലം കഴിയുന്നതുവരെ ഈ ഉടമ്പടി ഒരു വിധത്തിലും കൈകടത്തുന്നതല്ല.

വകുപ്പ് 15.

ഈജിപ്തിലെ ആരോഗ്യഡിപ്പാർട്ട്മെണ്ടിൻെറ പ്രവർത്തനങ്ങൾക്ക് ഈ ഉടമ്പടിയിലെ നിബന്ധനകൾ പ്രതിബന്ധമാകുന്നതല്ല.

വകുപ്പ് 16.

ഈ ഉടമ്പടിയിൽ ഒപ്പുവെച്ചിട്ടില്ലാത്ത രാഷ്ട്രങ്ങൾക്ക് ഉടമ്പടിയെപ്പററി വിവരം കൊടുക്കാനും ഈ ഉടമ്പടി സ്വീകരിക്കുന്നതിന്ന് അവയെ പ്രേരിപ്പിക്കുവാനും ഉടമ്പടിയിൽ ചേർന്നിട്ടുള്ളവർ ചുമതല വഹിക്കുന്നതാണ്.

വകുപ്പ് 17.

ഈ ഉടമ്പടിയിൽ അവസാനമായി ഒപ്പുവെക്കുന്ന ചുമതല ഒരു മാസത്തിലകത്തോ സാധിക്കുന്നപക്ഷം അതിന്നു മുമ്പുതന്നെയോ കോൺസ്റ്റാണ്ട്നോപ്പിളിൽ വെച്ച് നടത്തപ്പെടുന്നതാണ്. അങ്ങിനെ ഒപ്പുവെക്കുമെന്ന വിശ്വാസത്തോടുകൂടി ഉത്തരവാദപ്പെട്ട പ്രതിനിധികൾ ഈ ഉടമ്പടിയിൽ ഒപ്പും സീലും വെച്ചിരിക്കുന്നു.

1888 ഒക്ടോബർ 28-ാംനു കോൺസ്റ്റാണ്ട്നോപ്പിളിൽവെച്ചുതന്നെ ഈ ഉടമ്പടിയിൽ അവസാനമായി എല്ലാവരും ഒപ്പുവെച്ചു.

# കർണ്ണൽ നാസിറിൻെറ പ്രസംഗം.

പ്രിയപ്പെട്ട നാട്ടുകാരേ,

നാലുകൊല്ലം തുടർച്ചയായി വിദേശീയ മോചനത്തിന്നും സാമ്രാജ്യത്വമേധാവിത്വത്തിൽനിന്നുള്ള രക്ഷക്കുമായി സമരം നടന്നതിനെത്തുടർന്നു് ഇന്നു നാം ഈജിപ്തിൻെറ മഹത്തായ വിപ്ലവത്തിൻെറ അഞ്ചാം വാർഷികദിനം കൊണ്ടാടുകയാണു്. കഴിഞ്ഞ നാലുകൊല്ലങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്നു നാം വളരെ ശക്തിയുള്ളവരാണെന്നു് വിശ്വസിക്കുന്നുണ്ടു്. നമ്മുടെ പിതാമഹന്മാർ ഏതെല്ലാം ഉൽകൃഷ്ടലക്ഷ്യങ്ങൾക്കായി പ്രവർത്തിച്ചിരുന്നുവോ ആ ലക്ഷ്യങ്ങൾ സാധിക്കുന്നതിൽ അല്ലാഹുവിലും നിഷ്കളങ്കതയോടുകൂടിയ സ്വന്തം പരിശ്രമത്തിലുമാണു് നാം വിശ്വസിക്കുന്നതു്.

<u>സാമ്രാജ്യത്വതന്ത്രങ്ങൾ:</u> — അവസാനം നമുക്കു് തന്നെയാണു് വിജയമുണ്ടാകുകയെന്നു് നാം വിശ്വസിക്കുന്നു. ഈജിപ്തിന്നു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യത്തിൻെറ അന്തസ്സിനെയും അഭിമാനത്തെയും വളർത്തിക്കൊണ്ടു് ഈജിപ്തിനെ രാഷ്ട്രീയവും സാമ്പത്തികവുമായ അഭിവൃദ്ധിമാർഗ്ഗത്തിൽക്കൂടി ശക്തിപ്പെടുത്തുന്നതിന്നു് നമുക്കു് സാധിക്കുമെന്നു നാം ആശിക്കുന്നു. എന്നാൽ ഗൂഢാലോചനകളും വിദേശീയ കുതന്ത്രങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ രാജ്യത്തിന്നുവേണ്ടി ഒരു സൌധം കെട്ടി

പ്പടുക്കുക എളുപ്പമല്ല. അതിന്നായി ദീർഘവും നമ്മുടെ ക്ഷമ പരിശോധിക്കുന്നതുമായ ഒരു സമരംതന്നെ വേണ്ടി വരും. ഈജിപ്തിലെ ബഹുജനങ്ങൾക്ക് പദവിയും പ്രതാപവും പൂണ്ടു ജീവിക്കാൻ സാധിക്കേണ്ടതിന്നു് അങ്ങിനെയുള്ള സമരത്തെ നാം തുടർച്ചയായി നടത്താതിരിക്കുകയില്ല. സാമ്രാജ്യത്വകുതന്ത്രങ്ങളെയും അവയുടെ പണത്തിന്നടിമപ്പെട്ടിട്ടുള്ള ഏജണ്ടുമാരെയും സംബന്ധിച്ച നാം ഉണർന്നിരിക്കണം. സാമ്രാജ്യത്വശക്തികൾ അവയുടെ എല്ലാ ഉപായങ്ങളും പ്രവർത്തനത്തിൽ കൊണ്ടുവന്നു് അറബികളെയെല്ലാം അന്യോന്യം ഭിന്നിപ്പിച്ചുനിറുത്തുവാൻ ശ്രമിച്ചു. അതേ ഉദ്ദേശത്തോടുകൂടി അറബിലോകത്തിൻെറ ഹൃദയത്തിൽ അവർ ഇസ്രായീലിനെ ഉററ സഖിയാക്കി പ്രതിഷ്ഠിക്കുകയും ചെയ്തു. 1948-ൽ പാശ്ചാത്യകോയ്മകൾ ഉപയോഗിച്ചിരുന്ന അതേ ആയുധങ്ങളാണു് ഇന്നും ഇസ്രായീൽ ഉപയോഗിക്കുന്നതു്. എന്നാൽ ഇസ്രായീലും അതിൻെറ സാമ്രാജ്യത്വസഖാക്കളും അവസാനം പരാജയപ്പെടുക തന്നെ ചെയ്യുന്നതാണെന്നു് ഞാൻ മുന്നറിയിപ്പുനൽകുന്നു. ഇന്നു ഓരോ അറബിയും സലാഹ്മുസ്ത്തഫയായും, സലാഹ്ഹാഫിസായും തീർന്നിരിക്കുകയാണു്. വിശ്വസ്തരും ധീരന്മാരുമായിരുന്ന ആ ഭടന്മാരെ ഇസ്രായിലിയർ നിഷ്ഠുരമായ വിധത്തിൽ ചതിമാർഗ്ഗേണ കൊല്ലുകയാണല്ലോ ഉണ്ടായതു്. അതുകൊണ്ടു് അറബികൾ ജയിക്കുമെന്നുതന്നെ ദൃഢമായി വിശ്വസിക്കുക.

അവർ ജയിക്കുമ്പോഠം ആരാണ് ശത്രുവെന്നും ആരാണ് മിത്രമെന്നുമുള്ള പരമാത്ഥം പകൽ വെളിച്ചംപോലെ വെളിപ്പെടുന്നതായിരിക്കും.

പരിശ്രമം തുടരണം:—രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തിന്നുവേണ്ടി അങ്ങേ അററത്തോളം നാം പണിപ്പെട്ടു. ഈജിപ്റ്റിൻെറ മണ്ണിൽനിന്നു് ബ്രിട്ടൻെറ അവസാനഭടൻപോലും വിട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽക്കൂടി നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ ഉണർച്ചയും വളർച്ചയുമുള്ള ഒരു പരമാർത്ഥമായി നാം കാണിച്ചുകൊടുക്കാതിരിക്കുന്ന കാലംവരെയും നാം യഥാത്ഥ സ്വാതന്ത്ര്യമുള്ളവരല്ല. അതുകൊണ്ടു് സാമ്പത്തികാഭിവൃദ്ധിക്കായി നാം പരിശ്രമിക്കണം. പരിപൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യം കൈവരാത്ത സ്വാതന്ത്ര്യം പൂർണ്ണ സ്വാതന്ത്ര്യമാണെന്നുള്ള വാദം നിരർത്ഥമാണു്. നാം സ്വാശ്രയശീലത്തെ ആശ്രയിച്ചതുകൊണ്ടുമാത്രമാണ് ഇതുവരെയും നമുക്കു വിജയമുണ്ടായതു്. ഇപ്പോഴും സാമ്പത്തിക മോചനത്തിന്നായി നാം പ്രവർത്തിക്കുന്നു. നമ്മുടെ ദേശീയ വരുമാനം 1953ലേക്കാഠം 1954-ൽ 16 ശതമാനം വർദ്ധിച്ചു. 1954നും 1956നും ഇടയിലായി നമ്മുടെ ദേശീയവരുമാനം 16 ശതമാനം കൂടുതൽ വർദ്ധിച്ചു.

കരാറിന്നുള്ള ശ്രമം:—അമേരിക്കയും ബ്രിട്ടനും അവരുടെ കൂട്ടുകെട്ടിൽ നാം ഉഠംപ്പെടത്തക്ക നിലയിൽ നമ്മളുമായി ഒരു കരാറിലേർപ്പെടണമെന്നു് നമ്മുടെ

സ്വാതന്ത്ര്യം മുതല്ക്കേ ആഗ്രഹിച്ചുവന്നിട്ടുണ്ടായിരുന്നു. എല്ലാ അറബികളും ഉൾപ്പെട്ട ഒരു കരാറിന്നല്ലാതെ നാം പിന്തുണ നൽകുന്നതല്ലെന്നു നാം അന്നു മുതല്ക്കു തന്നെ വെളിപ്പെടുത്താറുണ്ട്. ഒരു വൻശക്തിയും ചെറു രാജ്യവും തമ്മിൽ കരാറുണ്ടാക്കുന്നതു തന്നെ ആ വൻശക്തിക്കു ചെറു രാജ്യത്തെ അടിയറപ്പെടുത്താനാകുന്നു. അങ്ങിനെയൊരു സംരക്ഷിത രാജ്യമാകുന്നതിന്നു നാം ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ബ്രിട്ടനുമായി ഒരു ഇരുപത്തഞ്ചു കൊല്ലക്കരാറിൽ ഏർപ്പെടുന്നതിന്നു് 1953ൽ കർണ്ണൽ റോബർട്ട്സ് നമ്മെ ഉപദേശിച്ചിട്ടുണ്ടായിരുന്നു. നാം അതിന്നും ഇഷ്ടപ്പെട്ടിരുന്നില്ല. നേരെ മറിച്ചു് അതു സംബന്ധമായ സംസാരത്തെ പെട്ടെന്നു നിറുത്തിക്കളയുകയാണ് നാം ചെയ്തിരുന്നതു്.

പിന്നീട് ബ്രിട്ടനോടും അമേരിക്കയോടും ആയുധങ്ങൾ റൊക്കം വില കൊടുത്തു വാങ്ങാൻ നാം ആഗ്രഹിച്ചു. പരസ്പരമൊരു സഖ്യക്കരാറിലേർപ്പെട്ടിട്ടു ആയുധം തെയ്യാറാക്കാമെന്നാണ് അവരിൽ നിന്നു നമുക്കു മറുപടി കിട്ടിയതു്. അതിൻെറ അർത്ഥം ഈജിപ്ത് സൈന്യത്തിൻെറ മേൽ അമേരിക്കൻ മിഷ്യന്നു മേധാവിത്വം അനുവദിച്ചു കൊടുക്കുകയായിരുന്നുവെന്നതു് പരസ്യമായ ഒരു പരമാർത്ഥമാകുന്നു. അങ്ങിനെ വരുമ്പോൾ അബ്ദുൽഹക്കീംഉമറിന്നു (സർവ്വസൈന്യാധിപൻ) ഈജിപ്ത് പട്ടാളത്തിൻെറ ഒരു കാര്യ

ത്തിലും സ്വാതന്ത്ര്യമുണ്ടാകുമായിരുന്നില്ല. അതുകൊണ്ടു് ആ നിബന്ധനയും നാം തള്ളിക്കളഞ്ഞു. എന്തുകൊണ്ടെന്നാൽ, ഈജിപ്റ്റ് പട്ടാളം ഫലവത്തായിരിക്കണമെന്നു മാത്രമല്ല നാം ആഗ്രഹിച്ചതു്. നേരെ മറിച്ച് നമ്മുടെ സൈന്യം വിദേശീയ സ്വാധീനതയിൽനിന്നു തികച്ചും മോചിതരായിരിക്കണമെന്നുകൂടി നാം ആഗ്രഹിച്ചു. വിദേശീയ സ്വാധീനത അമേരിക്കയുടേതായാലും മററു വല്ല രാജ്യക്കാരുടേതായാലും ഫലം ഒന്നു തന്നെയാണു്. ആകയാൽ അമേരിക്ക നമുക്കു ആയുധം സംഭരിച്ചു തരുന്നതിൽ വൈമനസ്യമാണു് കാണിച്ചതു്. ആയുധം കിട്ടാനായി നാം ഒരു പ്രതിനിധിസംഘത്തെ അമേരിക്കയിൽ അയച്ചു. അവർ യാതൊരു ഫലവുംസിദ്ധിക്കാതെ മടങ്ങേണ്ടി വരുകയാണു് ഉണ്ടായതു്.

<u>കുഴപ്പത്തിൻെറ ആരംഭം:</u>— ഇവിടെ നിന്നാണു് നമ്മളും അവരുമായി കുഴപ്പം ആരംഭിച്ചതു്. അങ്ങിനെ സൂയസ്സ്കനാൽ രക്ഷക്കു നിറുത്തിയിട്ടുണ്ടായിരുന്ന എമ്പതിനായിരം പട്ടാളക്കാർക്കു രക്ഷാബോധമില്ലാതായി. സൂയസ്സ്കനാൽ ക്യാമ്പ്കൊണ്ടു് ഗുണമില്ലെന്നു ബ്രിട്ടന്നു് തന്നെ ബോധ്യമായി. ആ പട്ടാള ക്യാമ്പ് ശത്രുക്കളായ നിവാസികളുടെ സ്വാധീനത്തിലാണെന്നു കണ്ടതിനാൽ ക്യാമ്പു വേണ്ടെന്നുവെയ്ക്കാൻ ബ്രിട്ടൻ തയ്യാറായി. ഈ പ്രദേശത്തു് സൈനികാധികാരം നില നിറുത്താൻ ഒരു വിധത്തിലും സാധ്യമല്ലെന്നു മനസ്സിലാക്കിയപ്പോഴാണു് ബ്രിട്ടൻ ഈജിപ്റ്റ്വിട്ടതു്

അൽജസായിറിലെ (അൽജീറിയാ) കൊലപാതകങ്ങൾ:-സ്വാതന്ത്ര്യസമരം ഏതാനും അറബിരാജ്യങ്ങളിൽ ഇനിയും അവസാനിച്ചിട്ടില്ല. സാമ്രാജ്യത്വശക്തികൾ അവിടങ്ങളിൽ ഇപ്പോഴും കുതന്ത്രങ്ങളും അക്രമങ്ങളും പ്രയോഗിച്ചുവരികയാണ്. എന്നാൽ അധിക അറബിരാജ്യങ്ങളിലും അവക്കു പരാജയമാണ് നേരിടേണ്ടി വരുന്നതു്. ട്രാൻസ്ജോർഡാനിൽ നിന്നു് ബ്രിട്ടീഷ് സേനാനായകനു സ്വജീവ രക്ഷക്കായി വിമാനം വഴി ഓടിപ്പോകേണ്ടി വന്നു. അവിടത്തെ ദേശീയ മുന്നണിയുടെ പ്രതാപം കണ്ടപ്പോൾ അദ്ദേഹം പേടിച്ചുപോകയാണുണ്ടായതു്. ബാഗ്ദാദ് ഉടമ്പടി ഇപ്പോൾ ഊർദ്ധശ്വാസം വലിക്കുകയാണ്. അറബികൾ ഉണർന്നു കഴിഞ്ഞിരിക്കുന്നു. സാമ്രാജ്യത്വത്തിൻെറ അക്രമത്തോടു് നേരിടാൻ അവർക്കിപ്പോൾ ശക്തിയുണ്ടു്. സാമ്രാജ്യത്വം അവസാനം അൽജസായിറിലേക്കു തിരിഞ്ഞിരിക്കുകയാണ്. ഫ്രാൻസ് അൽജസായിറിൽ നടത്തുന്ന ആ പൊതു നരഹത്ത്യയിൻ അമേരിക്കയുടെ പൂർണ്ണമായ ആനുകൂല്യ മുണ്ടെന്നു നാം മനസ്സിലാക്കണം. ബ്രിട്ടനും ഈ വിഷയത്തിൽ അമേരിക്കയുടെ കാലടികളെ പിന്തുടരുകയാണ്. നാറേറാഭടന്മാർ പൊതുവിൽ അൽജസായിർകാരുടെ ജീവനെക്കൊണ്ടു തമാശ കാണിക്കുകയാണ് ചെയ്യുന്നതു്.

എന്നാൽ അൽജസായിറിലെ സ്വാതന്ത്ര്യപ്രക്ഷോഭണത്തെ അമർത്തുന്നതിന്നു ഫ്രഞ്ച്സാമ്രാജ്യത്വം ചെയ്യുന്ന എല്ലാവിധ അക്രമങ്ങളും ഒടുവിൽ പരാജയപ്പെ

ടാതിരിക്കയില്ല. അതിൻെറ തോൽവി തീർച്ചയാണ്. അത്‌ലാന്തിക്കസൈന്യം രൂപവല്ക്കരിക്കപ്പെട്ടിരുന്നതു് റഷ്യയോട്ട് നേരിടാനായിരുന്നുവല്ലോ. എന്നാൽ അൽജസായിറിലെ സാധാരണക്കാരോടു തന്നെയും നേരിടാൻ അവർക്കു കഴിഞ്ഞില്ലെങ്കിൽ പിന്നെ റഷ്യക്കാരോട്ട് അവർ എങ്ങിനെ നേരിടാനാണ്.? നമുക്കു നമ്മുടെ സ്വാതന്ത്ര്യത്തിന്നായുള്ള സമരത്തിൽ അൽജസായിറുകാരെ മറക്കാൻ സാധിക്കുകയില്ല. എല്ലാ അറബികളുടെ താല്പര്യവും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നതു്. എങ്കിലും ചില രാജ്യങ്ങൾ ഇപ്പോഴും പാശ്ചാത്യരുടെ ഇഷ്ടാനുസരണം പ്രവർത്തിക്കുന്നുണ്ടെന്നു വ്യസന സമേതംപറയേണ്ടിയിരിക്കുന്നു. അവയുടെ പേർ പറഞ്ഞുകൊണ്ടു് ഒരു രാഷ്ട്രീയ കുഴപ്പം ഉളവാക്കാൻ ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല.

പലസ്തീൻ കാര്യം:— ഇനി പലസ്തീനെപ്പററി അല്പം സംസാരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. പലസ്തീനിലെ അറബികളെ പണം കൊടുത്തും വ്യാമോഹിപ്പിച്ചും പ്രശ്നം അവസാനിപ്പിക്കാമെന്നു ചിലൎക്കു അഭിപ്രായമുണ്ടു്. എന്നാൽഉറപ്പികകൊണ്ടു് ഒരു ജനതയെ മുഴുവനും വിലക്കു വാങ്ങാൻ സാധിക്കുകയില്ലെന്നു അവർ ഓൎമ്മിക്കണം.

ഈജിപ്ത് അതിൻെറ പട്ടാളത്തെ കൂടുതൽ ശക്തമാക്കാനൊരുങ്ങിയപ്പോൾ ഇസ്രായിലിന്നു അസംഖ്യം ആയുധങ്ങൾ സജ്ജീകരിച്ചുകൊടുക്കുന്ന പാശ്ചാത്യ

ശക്തികഠം ഈജിപ്തിന്നു ആയുധം കിട്ടാനുണ്ടായ ആവശ്യത്തെ തീരെ നിഷേധിച്ചു. ബ്രിട്ടൻ രണ്ടു നിബന്ധനകഠം പറഞ്ഞുകൊണ്ടു് ഈ സംഗതി കുഴപ്പത്തിലാക്കി. ജമാൽ അബ്ദുന്നാസിർ ബെണ്ടുങ്ങ് കാൺഫ്രൻസിൽ ബ്രിട്ടനെ ആക്ഷേപിക്കരുതെന്നായിരുന്നു ഒന്നാമത്തെ നിബന്ധന. വിദേശീയ സൈന്യക്കരാററിന്നെതിരിൽ ഈജിപ്ത് പ്രവർത്തിക്കരുതെന്നു രണ്ടാമത്തേതും.

പാശ്ചാത്യ നിബന്ധനകഠം:-ഈ നിബന്ധനകഠം സ്വീകരിക്കാൻ ഈജിപ്ത് സമ്മതിച്ചില്ല. അങ്ങിനെ റഷ്യയുടെ പക്കൽ നിന്നു ആയുധം വാങ്ങുന്നതിൽ നാം വിജയിച്ചു. തന്നിമിത്തം സ്ഥിതിഗതികഠം പ്രക്ഷുബ്ധമായി. നമുക്കു കമ്യൂണിസ്റ്റായുധം വന്നു കഴിഞ്ഞുവെന്നായി ആക്ഷേപം. ഇതെല്ലാം അർത്ഥമില്ലാത്ത ആക്ഷേപമാണ്. അറബികളുടെ പക്കൽ എതു ആയുധം കിട്ടിയാലും കിട്ടുന്നതു മുതല്ക്കു് അതു അറബി ആയുധമായിത്തീരുന്നു.

ഈ പ്രക്ഷോഭങ്ങളെല്ലാം എന്തിന്നു വേണ്ടിയാണെന്നു നമുക്കു മനസ്സിലാകുന്നില്ല. മദ്ധ്യപൌരസ്ത്യദേശങ്ങളിലെ സൈനിക ശക്തിയിൽ പരസ്പരം വ്യത്യാസം വന്നു ചേരുമെന്നതാണ് റഷ്യയുടെ പക്കൽ നിന്നു ആയുധം വാങ്ങുന്നതിനെപ്പററി പറയുന്ന ഏററവും വലിയ ഒരു ദോഷം. എന്നാൽ നമ്മുടെ ഈ പ്രദേശങ്ങളുടെ മേലന്വേഷണത്തിന്നു ആരാണ് പാശ്ചാത്യർക്കു് അധികാരം കൊടുത്തതെന്നു നാം

ചോദിക്കുന്നു, അങ്ങിനെ ചെയ്യാൻ നാം അവരോടാ വശ്യപ്പെട്ടിരുന്നുവോ? ആ സൈനിക ശക്തിയുടെ തുല്യത എന്നു പറഞ്ഞാൽ അറബി രാജ്യങ്ങൾക്കു് ഒരു തോക്കു കൊടുക്കുമ്പോൾ ഇസ്രായീൽ രാഷ്ട്രത്തിന്നു രണ്ടു തോക്കു കൊടുക്കുകയെന്നാണോ അർത്ഥം? വാസ്തവത്തിൽ യാതൊരു താമസവും കൂടാതെയാണ് ഈ ആയുധശേഖരണം നമുക്കു സാധിച്ചതു്. ആയുധങ്ങൾ നിങ്ങൾ സ്വന്തം കണ്ണുകൊണ്ടു് കാണുകയും ചെയ്തുവല്ലോ.

പലസ്തീനിലുണ്ടായ സകല ആപത്തുകൾക്കും ഉത്തരവാദി ബ്രിട്ടനാണെന്നു ലോകം അറിഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. 1917-ലെ ബാൽഫർ പ്രഖ്യാപനത്തിൻെറ കർത്താവും ബ്രിട്ടനാണ്. ഒടുവിൽ 1945 മെയി 15ാംനു- അറബികളെ ജൂതന്മാരുടെ ഔദാര്യത്തിന്നു വിട്ടുകൊടുത്തുകൊണ്ടു് ബ്രിട്ടൻ മനഃപൂർവ്വം പോയിക്കളഞ്ഞു. ഫലസ്തീനിൽനിന്നു അറബികളെ നിശ്ശേഷം സംഹരിച്ചു കൊണ്ടു് അറബി രാഷ്ട്രങ്ങളെയെല്ലാം കൂടക്കൂടെയായി നശിപ്പിക്കുകയായിരുന്നു ബ്രിട്ടൻെറ ഉദ്ദേശ്യം. ഇസ്രായീലിന്നെതിരായി നമ്മുടെ രാജ്യം നമുക്കു രക്ഷിക്കാനും അവരുടെ നിയമ വിരുദ്ധമായ ആക്രമണത്തിൽ നിന്നു സ്വയം രക്ഷപ്പെടാനുമായിട്ടായിരുന്നു നാം ആയുധം ആവശ്യപ്പെട്ടതു്. ഇപ്പോൾ യാതൊരു നിബന്ധനയും കൂടാതെത്തന്നെ ആയുധം ലഭിച്ചതു്കൊണ്ടു് നാം കൃതാർത്ഥരാണ്.

<u>അസ്വാൻ അണക്കെട്ടു്</u>:-ഇതിന്നു ശേഷം അസ്വാൻഅണക്കെട്ടിൻെറകഥ ആരംഭിക്കുകയായി. ദേശീയ

വരുമാനവും നാട്ടിലെ ഉല്പന്നവും വൎദ്ധിപ്പിക്കുവാനായി 1952ൽ അസ്‌വാൻ അണക്കെട്ട് കെട്ടുന്നതിന്നുള്ള പദ്ധതി നാം തെയ്യാറാക്കി. ഈജിപ്റ്റിലെ ജനസംഖ്യ കൊല്ലത്തിൽ 5 ലക്ഷം വീതം വൎദ്ധിച്ചു വരുന്ന സ്ഥിതിക്കു ആ വൎദ്ധിക്കുന്ന ജനങ്ങളുടെ ആവശ്യം നിവൎത്തിക്കുവാനും പൊതുജനങ്ങളുടെ ജീവിത നിലവാരം ഉയരുവാനും നമ്മുടെ ദേശീയ വരുമാനം അഭിവൃദ്ധിപ്പെടേണ്ടതത്യാവശ്യമാണ്.

അസ്‌വാൻ അണക്കെട്ടിന്നു 100 കോടി ഡോളർ ചെലവു നാം കണക്കാക്കി. അതിന്നായി 1953ൽ ലോകബാങ്കിൽ നിന്നു നാം കടം ചോദിച്ചു. ഇസ്രായീലും ഈജിപ്റ്റും തമ്മിൽ കുഴപ്പങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാലും ഈജിപ്റ്റിൽ പാർല്ലിമെണ്ടറി ഭരണം ഇല്ലാതിരിക്കുന്ന സ്ഥിതിക്കും നമ്മുടെ അപേക്ഷ സ്വീകരിക്കുകയില്ലെന്നാണ് അതിന്നു മറുപടി ലഭിച്ചതു്. നമുക്കു കിട്ടിയ ആ മറുപടി അത്ഭുതകരമായിരുന്നു.

പിന്നീടു ഇക്കാര്യത്തിൽ ജർമ്മൻ കമ്പനികളുൾപ്പെടെ പല കമ്പനികളെയും നാം സമീപിച്ചു. കഴിഞ്ഞകൊല്ലം നവമ്പറിൽ നമ്മുടെ ധനകാര്യമന്ത്രി ലണ്ടനിൽ പോയി. അദ്ദേഹം അവിടെ വെച്ച് മി. ബട്ട്ളരുമായിക്കണ്ടു. ബ്രിട്ടൻ ഈജിപ്റ്റിന്നു വിദേശനാണ്യത്തിൽ മൂന്നര കോടി ഡോളർ കടം തരാനൊരുക്കമാണെന്നു മി. ബട്ട്ളർ പ്രസ്താവിച്ചു. അതിൽപിന്നെ നമ്മുടെ ധനകാര്യ മന്ത്രി വാഷിങ്ങ്ടനിൽ പോയി. അമേ

രിക്ക നാലുകോടി ഡോളർ ഈജിപ്റ്റിന്നു കടം തരാനൊരുക്കമുള്ളതായി അവിടെ നിന്നും മറുപടി കിട്ടി. അപ്പോഴേക്കും ബ്രിട്ടൻ അതിൻെറ വാഗ്ദാനത്തിൽ നിന്നു പിന്മാറിക്കഴിഞ്ഞിരുന്നു. അമ്പതു ലക്ഷം ഡോളർ മാത്രമേ തരാൻകഴിയൂ എന്നാണു് ബ്രിട്ടൻ പിന്നീട്ട് പറഞ്ഞതു്. ഇതിൽപ്പിന്നെ ലോക ബാങ്ക് നമുക്കു അഞ്ചു വാർഷിക ഗഡുക്കളിലായി 20 കോടി ഡോളർ കടം തരാമെന്നു പറഞ്ഞു. നിബന്ധനകൾ അപ്പപ്പോൾ തീർച്ചപ്പെടുത്താവുന്നതാണെന്നും പ്രസ്താവിച്ചു. എങ്കിലും അമേരിക്കയും ബ്രിട്ടനും ഏററിട്ടുള്ള സംഖ്യയും കൂടി വാങ്ങണമെന്ന വ്യവസ്ഥ കണിശമായിപ്പറഞ്ഞു.

നമ്മുടെ സാമ്പത്തികപദ്ധതി അംഗീകരിക്കാനുള്ള അധികാരം ബാങ്കിന്നായിരിക്കണമെന്നും ഈജിപ്റ്റ് ഗവർമ്മേണ്ടിൻെറ ചെലവുകൾ ബാങ്കിൻെറ നിയന്ത്രണത്തിലായിരിക്കണമെന്നും ബാങ്കിൻെറ സമ്മതം കൂടാതെ ഈജിപ്റ്റ് ഗവർമ്മേണ്ടിന്നു് വല്ല വിദേശത്ത്നിന്നും കടം വാങ്ങുന്നതിനെപ്പററി കൂടിയാലോചന നടത്തിക്കൂടെന്നും ഈജിപ്റ്റ് കടം വീട്ടേണ്ടിവരുന്ന വിധത്തിൽ ആയുധം വാങ്ങൽപോലെയുള്ള കാര്യങ്ങളിൽ ഈജിപ്ത് അന്യഗവർമ്മേണ്ടുകളുമായി സംഭാഷണം നടത്തിക്കൂടെന്നും നിബന്ധനകൾ ചുമത്താമെന്നായിരുന്നു ബാങ്ക് ഉദ്ദേശിച്ചിരുന്നതു്. ഈ നിബന്ധനകളിലെല്ലാം സ്ഥിതിഗതികളുടെ മാററമനുസരിച്ചു മാററമുണ്ടായിക്കൊണ്ടിരിക്കുമെന്നും ബാങ്ക് സൂചി

പ്പിച്ചിട്ടുണ്ടായിരുന്നു. അമേരിക്കയും ബ്രിട്ടനും നമുക്കു രണ്ടു നിബന്ധനകൾ എഴുതി അയച്ചു. ആ നിബന്ധനകളെല്ലാം ഉടനടി തിരസ്കരിക്കപ്പെടേണ്ടവയായിരുന്നതിനാൽ അതൊന്നും സ്വീകരിക്കാൻ കഴിയില്ലെന്നു നാം വ്യക്തമായ മറുപടി കൊടുത്തു. ഏതാനും ലക്ഷം ഡോളറിന്നുവേണ്ടി സ്വരാജ്യം വില്ക്കാൻ നാം സന്നദ്ധരല്ലെന്നും അവരുടെ നിബന്ധനകൾ സ്വീകരിക്കുന്നതു് നമ്മുടെ സ്വാതന്ത്ര്യത്തിന്നും ദേശാഭിമാനത്തിന്നും വിരുദ്ധമാണെന്നും നാം തുറന്നു പറഞ്ഞു. അറബികളുടെ ഗുണകാംക്ഷികളാണെന്നു അവർ വാദിക്കുന്നുണ്ടെങ്കിലും സ്ഥിതിഗതികൾകൊണ്ടു് ആ വാദം വിശ്വാസയോഗ്യമാവുന്നില്ലെന്നും നാം അവരെ അറിയിച്ചു. അമേരിക്ക കൊല്ലംതോറും അഞ്ചുകോടി ഡോളർവീതം ഇസ്രായീലിന്നു കൊടുത്തുവരുന്നു. കൂടാതെ ഇരുപത്തൊന്നു കോടി ഡോളറിലധികം മൂലധനം അമേരിക്ക ഇസ്രായീൽ രാജ്യത്തു ഇറക്കിക്കഴിഞ്ഞിട്ടുമുണ്ടു്. സാങ്കേതിക സഹായങ്ങളും മററു ചെലവുകളുമെല്ലാം ഇതിന്നു പുറമെയുമാണു്. ഇതെല്ലാം നാം പാശ്ചാത്യശക്തികളോടു് തുറന്നു പ്രസ്താവിച്ചു. 73 കോടി ഡോളർ നാം തന്നെ അണക്കെട്ടിന്നു ചെലവാക്കാൻ ഒരുക്കമുള്ള സ്ഥിതിക്കു നമ്മുടെ ജീവിതകാര്യത്തിൽപ്പോലും നിയന്ത്രണാധികാരം കരസ്ഥമാക്കുന്നതിന്നു ബാങ്കു് ഉത്സാഹിച്ചതു കണ്ടപ്പോൾ നാം അത്ഭുതപ്പെട്ടുപോകയാണു് ഉണ്ടായതു്. നാം 73 കോടി ഡോളർ ചെലവാക്കുമ്പോൾ ലോകബാങ്കു, അമേരിക്ക, ബ്രിട്ടൻ ഇവർ മൂന്നു കൂട്ടരും

കൂടി സഹായിക്കുമായിരുന്ന ഒട്ടാകെ തുക 27 കോടി ഡോളർ മാത്രമാണല്ലോ.

<u>റഷ്യയുടെ സഹായം:</u>—ഈ അവസരത്തിലാണ് റഷ്യ സഹായിക്കാമെന്നു് ഇങ്ങോട്ടു് മുന്നറിയിപ്പു് നൽകിയതു്. ആ സംഗതി ബ്രിട്ടനും അമേരിക്കയും അറിഞ്ഞപ്പോൾ ലോകബാങ്ക് പ്രസിഡണ്ടു് നമ്മോടു് കൂടിയാലോചന നടത്താൻ സന്നദ്ധനായി. കഴിഞ്ഞ കൊല്ലം ഫിബ്രവരിയിൽ അദ്ദേഹം ഈജിപ്തിലെത്തി. നമ്മുടെ നാട്ടിൽ അവരുടെ യാതൊരുവിധ നിയന്ത്രണവും നാം സഹിക്കുന്നതല്ലെന്നും നമ്മുടെ സാമ്പത്തികനില ഭദ്രമാണെന്നും സംശയരഹിതമായ തുറന്ന വാക്കിൽത്തന്നെ നാം മറുപടി നൽകി. നീൽ നദിയിലെ വെള്ളം പകുക്കുന്ന കാര്യത്തിൽ ഈജിപ്തും സുഡാനും തമ്മിൽ ഒരു കരാറുണ്ടായിട്ടില്ലാത്ത സ്ഥിതിക്കു് ഈജിപ്തുമായൊരു ഉറച്ചകരാറിൽ ഏർപ്പെടാൻ താൻ സന്നദ്ധനല്ലെന്നും, ലോകബാങ്കിൽനിന്നു് കടം വാങ്ങണമെങ്കിൽ ബ്രിട്ടനും അമേരിക്കയും തരാൻ നിശ്ചയിച്ച കടം മുൻകൂട്ടി വാങ്ങണമെന്നും പ്രസിഡണ്ട് നിഷ്കർഷിച്ചു. ലോകബാങ്കിൻെറ ആ ഉപായം നമുക്കു് മനസ്സിലാക്കാൻ സാധിച്ചു. ലോകബാങ്കിൽനിന്നു കടം വാങ്ങുന്നതിന്നു മുമ്പായിത്തന്നെ അമേരിക്കയുടെയും ബ്രിട്ടൻെറയും വലയിൽ നാം അകപ്പെട്ടിരിക്കണമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നതു്. ഈ സ്ഥിതിഗതികളിൽ നിന്നെല്ലാം നാം ബ്രിട്ട

ൻെറയും അമേരിക്കയുടെയും പക്കൽനിന്നു കടം വാങ്ങിയാൽപ്പിന്നെ ലോകബാങ്ക് അതിൻെറ നിബന്ധനകൾ ഓരോന്നായി നമ്മുടെ മേൽ ചുമത്തുമെന്നും ഒരു പക്ഷെ പിന്നീട് കടം തരുന്നതിന്നു ബാങ്ക് മടിക്കാൻ തന്നെ സംഗതിയാകുമെന്നും നമുക്കു ബോദ്ധ്യമായി.

പ്രത്യേക ബാദ്ധ്യത ഏല്ക്കാതെ വാഗ്ദാനം ചെയ്യാൻ താനൊരുക്കമാണെന്നും എങ്കിലും ഒരു കരാറിലൊപ്പിടുക സാദ്ധ്യമല്ലെന്നും കൂടി ലോകബാങ്ക് പ്രസിഡണ്ട് നമ്മോട്ട് പറഞ്ഞിട്ടുമുണ്ടായിരുന്നു. അമേരിക്കയുടെയും ബ്രിട്ടൻെറയും സഹായം സ്വീകരിക്കുന്നതിന്ന് നാം സന്നദ്ധരാണെന്നും നമ്മുടെ സ്വാതന്ത്ര്യത്തേയും ദേശാഭിമാനത്തേയും ക്ഷതപ്പെടുത്തുന്ന നിബന്ധനകൾ പാടില്ലെന്നും ഫിബ്രവരിയിൽ ആ രണ്ടു രാജ്യങ്ങളെയും നാം അറിയിച്ചിട്ടുണ്ടായിരുന്നു. അതിന്നു ഒരു മറുപടിയുമുണ്ടായില്ല.

ഫിബ്രവരി 29-ാംനു- മി. സൽവൻലോയിഡ് എന്നെ കാണാൻവന്നു. നീൽ നദീജലം വിഭജിക്കുന്നതു സംബന്ധിച്ച ഈജിപ്തും സുഡാനും തമ്മിലൊരു സന്ധിയുണ്ടാക്കാൻതാൻ ശ്രമിക്കാമെന്നു അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ ഒരുഭാഗത്തു് സന്ധിയുണ്ടാക്കുന്നതിന്നു പ്രവർത്തിക്കാൻ സന്നദ്ധത പ്രദർശിപ്പിക്കുകയും മറുഭാഗത്തു സുഡാനെ ഈജിപ്തിന്നെതിരിൽ പ്രവർത്തിപ്പാൻ പ്രേരിപ്പിക്കുകയുമാണ് അദ്ദേഹം ചെയ്യുന്നതെന്നു ഞാൻ മറുപടി പറഞ്ഞു. അക്കാലത്തു തന്നെയാണ്

ലോർഡ് കേറൻ, പ്രഭുസഭയിൽ ഈജിപ്തിനെ അധിക്ഷേപിച്ചുകൊണ്ട് ഈജിപ്തിന്നു അമ്പതു ലക്ഷം പവൻ കടംകൊടുത്തു കൂടെന്നു പ്രസ്താവിച്ചതും.

മാർച്ച് 14-ാംനു ബ്രിട്ടീഷ് അമ്പാസിഡറുമായി പിന്നെയും ഞാൻ സംഭാഷണം നടത്തുകയുണ്ടായി. ഞങ്ങളൊരു ബോധമുള്ള ജനതയാണെന്നും സൌഹാർദ്ദപൂർവ്വമായ അഭിപ്രായത്തിന്നും സൌമനസ്യത്തോടുകൂടിയ സഹായസന്നദ്ധതയ്ക്കും ഞങ്ങൾ വിലമതിക്കുന്നതായിരിക്കുമെന്നും, ബ്രിട്ടീഷ് പാർല്ലിമെണ്ട് മെമ്പർമാർ ഞങ്ങളെപ്പററി പറഞ്ഞ ആക്ഷേപങ്ങൾ സഹിക്കാൻ ഞങ്ങൾ തെയ്യാറില്ലെന്നും ഞാൻ പ്രസ്താവിച്ചു. കൂടാതെ ബ്രിട്ടനോട് ഞങ്ങൾ സഹായം തേടുകയോ ബ്രിട്ടൻ സഹായം നൽകാമെന്നു ഇങ്ങോട്ടു മുന്നറിയിപ്പു നല്കിയതിനെ ഞങ്ങൾ തിരസ്കരിക്കുകയൊ രണ്ടും ഉണ്ടായിട്ടില്ലെന്നും ആ സ്ഥിതിക്കു ഒരു വിധത്തിലും ഞങ്ങളുടെ പ്രവൃത്തി ബ്രിട്ടന്നു ആക്ഷേപിക്കാൻ വഴി നല്കുന്നില്ലെന്നും ഞാൻ അദ്ദേഹത്തിനെ ബോധ്യപ്പെടുത്തി.

കുറച്ചുകാലം കഴിഞ്ഞപ്പോൾ ബഹറീനിൽവെച്ചു സൽവൻ ലോയിഡിൻെറ മേൽ ചിലർ കല്ലേറു നടത്തി. അറബിരാജ്യങ്ങളിൽ ബ്രിട്ടന്നു അവശേഷിച്ചിരുന്ന പദവിയും അതോടുകൂടി അസ്തമിച്ചു. ബ്രിട്ടീഷ് പത്രങ്ങൾ നമ്മെ തുടർച്ചയായി അധിക്ഷേപിച്ചു. ന്യായമായ ആക്ഷേപങ്ങൾ തെററാണെന്നു നാം വിശ്വസിക്കുന്നില്ലെന്നും, എങ്കിലും സൂയസ്സ്കനാൽ

ബ്രിട്ടീഷ് പ്രദേശമാണെന്ന വാദത്തെപ്പററി തീർച്ച യായും നമുക്കു ആക്ഷേപമുണ്ടെന്നും നാം ആ പത്രങ്ങ ൾക്കു മറുപടി നൽകി.

<u>റഷ്യൻ വിദേശമന്ത്രി:</u>-കഴിഞ്ഞ കൊല്ലം റഷ്യൻ വിദേശ മന്ത്രിയായ മി. ഷെപ്പ്ലോവ് ഈജിപ്തിൽ വന്നപ്പോൾ എല്ലാ വിധത്തിലും ഈജിപ്തിനെ സഹായിക്കാൻ യാതൊരു നിബന്ധനയും കൂടാതെ ത്തന്നെ ദീർഘ കാല അവധിക്കു കടം തരാൻ പോലും റഷ്യ സന്നദ്ധമാണെന്നു അദ്ദേഹം നമ്മോടു പ്രസ്താ വിച്ചു. ഈജിപ്തും പാശ്ചാത്യ രാജ്യങ്ങളും തമ്മിൽകരു സുഖവിരോധം സൃഷ്ടിക്കണമെന്നു റഷ്യ ഉദ്ദേശിക്കു ന്നില്ലെന്നും അക്കൂട്ടത്തിൽ തന്നെ അദ്ദേഹം പറയാതി രുന്നില്ല. അതിന്നു റഷ്യ വിരോധിയാണെന്നും ലോക ത്തു സംഘട്ടന സാധ്യത ചുരുക്കണമെന്നാണ് റഷ്യ ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. അദ്ദേ ഹത്തിൻെറ ആ നിർദ്ദേശത്തെ എൻെറ റഷ്യൻ സന്ദർ ശനം വരെ നിറുത്തിവെക്കുന്നുവെന്നു മാത്രം ഞാൻ അദ്ദേഹത്തിനോടു നന്ദി പൂർവ്വം മറുപടി പറഞ്ഞു. പിറേറ ദിവസം തന്നെ രാത്രിസമയത്തു് ലോകബേങ്ക് പ്രസിഡണ്ടു് എന്നെ കാണാൻ വന്നു. അസ്വാൻ അണക്കെട്ടിന്നു സഹായം നൽകാൻ ലോകബേങ്ക് തീർച്ചപ്പെടുത്തിയതായി അദ്ദേഹം പ്രസ്താവിച്ചു. അതു സ്വീകരിക്കുന്നതായാൽ വേഗം തന്നെ ഉടമ്പടി നട ക്കുമോ എന്നു ഞാൻ അന്വേഷിച്ചു. പിന്നെ വരാം

എന്നു പറഞ്ഞുകൊണ്ടു് ഉടമ്പടി കാര്യം നീട്ടിവെക്കുക യാണ് അദ്ദേഹം ചെയ്തതു്. ഇതിൽപ്പിന്നെ നമ്മുടെ പ്രതിനിധി വാഷിങ്ടനിൽനിന്നു മടങ്ങിവന്നു അസ്വാൻ അണക്കെട്ടിനു പണം സഹായിക്കാൻ അമേരിക്ക ഒരുക്കമാണെന്നും പക്ഷെ ഈജിപ്തു് അമേരിക്കയുടെ സഹായം പ്രതീക്ഷിക്കുന്നില്ലെന്നാണ് തോന്നുന്നതെന്നും മി. ഡള്ളസ്സ് പറഞ്ഞതായി എന്നെ അറിയിച്ചു. നേരെ വിപരീതമാണ് പരമാർത്ഥമെന്നു ഞാൻ അപ്പോൾതന്നെ മറുപടിയും പറഞ്ഞു. അതിൽപ്പിന്നെ നമ്മുടെ പ്രതിനിധി വാഷിങ്ടനിലേക്കുതന്നെ മടങ്ങിപ്പോയി.

പിന്നീടൊരിക്കൽ അമേരിക്ക പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവനയിൽ സുഡാൻ, അബിസീനിയ, യുഗണ്ടാ എന്നീ മൂന്നു രാഷ്ട്രങ്ങളെയും നീൽനദിയിൽനിന്നു വെള്ളം ഉപയോഗിക്കുന്ന രാഷ്ട്രങ്ങളിൽ ഉൾപ്പെടുത്തിക്കണ്ടു. യുഗണ്ടയെ ഉൾപ്പെടുത്തിയതു് ബ്രിട്ടനു നമ്മുടെ കാര്യത്തിൽ വീണ്ടും ഏർപ്പെടാനെടുത്ത ഒരു തന്ത്രമായിരിക്കുമെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. കഴിഞ്ഞ ഏഴു മാസമായി ഉണ്ടായ അനാശാസ്യമായ ജീവിതക്ലേശങ്ങളെക്കുറിച്ചു ചിന്തിക്കുന്നതായാൽ അസ്വാൻ അണക്കെട്ടുസ്കീമനുസരിച്ചു പ്രവർത്തിക്കുന്നതു് തല്ക്കാലം അനുയോജ്യമായിരിക്കുകയില്ലെന്നൊരഭിപ്രായവും ആ പ്രസ്താവനയിൽ പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. പ്രസ്താവനയിൽ പറഞ്ഞ ആ ജീവിതഞെരുക്കം എന്തായിരുന്നുവെന്നു് നമുക്കു് ചോദിക്കാം. നമ്മുടെ ജീവിത നിലപാടു് അത്രയധികം ആശങ്കാജനകമാണോ, നമ്മുടെ ജീവിത നിലവാരം മാസംപ്രതി

ഏററവും നന്നായി ഉയരുന്നുവെന്നതാണ് പരമാത്ഥം. ഐക്യരാഷ്ട്രസഭയുടെ സ്ഥിതി വിവരക്കണക്കപ്രകാരം നമ്മുടെ ദേശീയ വരുമാനം 1952-ൽ 74 കോടി 80 ലക്ഷം പവനായിരുന്നതു് 1954-ൽ 86 കോടി 63 ലക്ഷം പവനായി വർദ്ധിച്ചിരിക്കുന്നു. (ഇതിൽപ്പിന്നെ ഈജിപ്തിൻെറ ദേശീയ വരുമാനം ആശാസ്യമായ നിലയിൽ വർദ്ധിച്ചിട്ടുണ്ടെന്നു സ്ഥിതി വിവരക്കണക്കുകളുടെ വെളിച്ചത്തിൽ കർണ്ണൽനാസിർ തെളിയിച്ചു) അമേരിക്ക പറയുന്ന ആ അനാശാസ്യ സ്ഥിതി ഏതാണെന്നു നാം അത്ഭുതപ്പെട്ടു പോകുന്നു. നാം സുശക്തമാക്കിയിട്ടുള്ള നമ്മുടെ സൈനികഭദ്രതയായിരിക്കുമോ അമേരിക്കക്കു അനാശാസ്യമായി തോന്നുന്നതു്? അല്ലെങ്കിൽ ലോകരാഷ്ട്രങ്ങളുടെ കൂട്ടത്തിൽ വർദ്ധിച്ചുവരുന്ന നമ്മുടെ സർവ്വസ്വീകാര്യത അമേരിക്കക്കു് അനാശാസ്യമായി തോന്നിയിട്ടുണ്ടായിരിക്കാം.

<u>സൂയസ്സ് ദേശസാല്ക്കരണ വിളംബരം:</u>— ഞാൻ പ്രഖ്യാപിച്ചുകൊള്ളുന്നു: — "സൂയസ്സ് കമ്പനിക്കു് കൊല്ലംതോറും കിട്ടിക്കൊണ്ടിരിക്കുന്ന 3 കോടി 50 ലക്ഷം പവൻ ആദായം ഇന്നുമുതല്ക്കു് ഈജിപ്തിന്നവകാശപ്പെട്ടന്നതാണ്. യുദ്ധപ്രിയന്മാരെയും മനുഷ്യാവകാശംകൊണ്ടു് കച്ചവടം നടത്തുന്നവരെയും യഥേഷ്ടം പ്രവർത്തിക്കുന്നതിന്നു നാം ഇനി ഒരിക്കലും അനുവദിക്കുന്നതല്ല. മേലിൽ നാം നമ്മെത്തന്നെ ആശ്രയിച്ചിരിക്കുകയേ ഉള്ളു. താഴെ പറയുന്ന കൽപനയിൽ ഞാൻ ഇന്നു ഒപ്പു വെച്ചിരിക്കുന്നു."

<u>രാഷ്ട്രത്തിൻെറ പേരിൽ:</u>— വകുപ്പു് 1-സൂയസ്സ് കമ്പനിയെ രാഷ്ട്രത്തിൻെറ പൊതുസ്വത്താക്കി

പ്രഖ്യാപിച്ചിരിക്കുന്നു. മേലിൽ അതൊരു ഈജിപ്ത് ലിമിററഡ് കമ്പനിയായിരിക്കുന്നതും അതിൻെറ എല്ലാ തുറകളും അതിൻെറ എല്ലാവിധ നടപടികളും മേലിൽ ഈജിപ്ത് ഗവർമ്മേണ്ടിൻെറ അധീനത്തിലായിരിക്കുന്നതുമാണ്. അതിനുള്ള എല്ലാ ധന ബാധ്യതകളും ഈജിപ്ത് ഗവർമ്മേണ്ട് ഏറെറടുത്തിരിക്കുന്നു. അതിൻെറ നടത്തിപ്പിന്നായി നിയമിതമായിട്ടുള്ള മുൻ ഡിപ്പാർട്ടുമെണ്ടുകൾ ഇതോടുകൂടി ദുർബ്ബലപ്പെടുത്തിയിരിക്കുന്നു.

എല്ലാ ഓഹരിക്കാർക്കും സ്ഥാപനോടമസ്ഥന്മാർക്കും അവരുടെ സംഖ്യകൾ കണക്കു തീർത്തുകൊടുക്കുന്നതും കമ്പനിദേശസാല്ക്കരിച്ച അവസരത്തിലെ നിലവാരമനുസരിച്ച ഓഹരിക്കാർക്കു വില കണക്കു കൂട്ടികൊടുക്കുന്നതുമാണ്.

വകുപ്പ് 2.—കമ്പനി സ്വതന്ത്രമായിരിക്കുന്നതും വ്യാപാര മന്ത്രിയുടെ കീഴിലായിരിക്കുന്നതും അതിൻെറ നടത്തിപ്പധികാരം റിപ്പബ്ലിക്ക് പ്രസിഡണ്ടിൻെറ പ്രഖ്യാപനമനുസരിച്ച് വഴിയെ നിലവിൽ വരുന്ന ബോർഡിന്നായിരിക്കുന്നതുമാണ്. ആ ബോർഡിന്നു കമ്പനി നടത്തിപ്പിൽ പൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതും ഗവർമ്മേണ്ടു നിയമങ്ങൾക്കതീതമായിരിക്കുന്നതുമാണ്.

ഗവർമ്മേണ്ടു് ഓഡിററും ബോർഡിൻെറ നിയന്ത്രണവും പരിഗണിച്ചുകൊണ്ട് ബോർഡിന്നു ഒരു പ്രത്യേക ബഡ്ജററ് ഉണ്ടായിരിക്കുന്നതാണ്.

വകുപ്പ് 3.— ഈജിപ്തിലും വിദേശങ്ങളിലുമായി കമ്പനിക്കുള്ള എല്ലാ സംഖ്യകളും ഗവർമ്മേണ്ടു് കണ്ടു കെട്ടിയിരിക്കുന്നു. ബേങ്കുകാർക്കും കമ്പനിയുടമസ്ഥന്മാരായ വ്യക്തികൾക്കുമെല്ലാം ബോർഡിൻെറ അനുവാദം കൂടാതെ യാതൊരു തുകയും കൈ മാററരുതെന്നും ശാസന നൽകിയിരിക്കുന്നു.

വകുപ്പ് 4 -ഇപ്പോഴുള്ള എല്ലാ ജോലിക്കാരേയും പുതിയ കമ്പനി അതേ ജോലികളിൽ സ്ഥിരപ്പെടുത്തുന്നതാണു്. പ്രവർത്തകന്മാരിലൊരാൾക്കും ബോർഡിൻെറ അനുവാദംവാങ്ങാതെ താന്താങ്ങളുടെ സ്ഥാനം വിട്ടുപോവാൻ അധികാരമില്ല.

വകുപ്പ് 5.– 3-ാം വകുപ്പ് ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതും അവരിൽനിന്നു പിഴ വസൂലാക്കുന്നതുമായിരിക്കും. പിഴ, ശമ്പളത്തിൻെറ മൂന്നിരട്ടിയായിരിക്കുന്നതും ശിക്ഷാവധി മൂന്നു വർഷമായിരിക്കുന്നതുമാണു്.

വകുപ്പ് 6. നാലാം വകുപ്പ് ലംഘിക്കുന്നവരുടെ പെൻഷൻ ഗവർമ്മേണ്ടു് പിടിച്ചടക്കുന്നതാണു്.

ഈ നിയമം ഗവർമ്മേണ്ടു് ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇതു നിയമമായിരിക്കുകയുമാണു്.

# സമാപ്തി.

ജൂലായി 26-ാംനു ഈജിപ്തിന്റെ അഞ്ചാം സ്വാതന്ത്ര്യ ദിനാഘോഷം പ്രമാണിച്ച അലക്സാണ്ട്റ്റിയയിൽ സമ്മേളിച്ച ആ ഈജിപ്ഷ്യൻ ജനസമുദ്രത്തിൽ അവരുടെ പ്രിയപ്പെട്ട നേതാവായ ജമാൽ അബ്ദുന്നാസിർ ചെയ്ത പ്രസംഗമാണല്ലോ കഴിഞ്ഞ അദ്ധ്യായത്തിൽ നാം വായിച്ചതു്. ധൈര്യവും ഗാംഭീര്യവും നിറഞ്ഞ ആ പ്രസംഗം സശ്രദ്ധം വായിക്കുന്ന ഏതൊരാൾക്കും അദ്ദേഹത്തിന്റെ ഈ അടിവെപ്പ അടിസ്ഥാനരഹിതമല്ലെന്നു കാണ്മാൻ പ്രയാസമില്ല. ഈജിപ്ത് ആദിമുതൽ ഒടുവരെ അനുവർത്തിച്ചുകാണുന്ന നിഷ്ക്കളങ്കതയും, ബ്രിട്ടനും അമേരിക്കയും ലോകബാങ്കും പ്രകടിപ്പിച്ച ഉരുട്ടും മിരട്ടുമെല്ലാം ആ പ്രസംഗത്തിൽ അദ്ദേഹം തുറന്നു കാട്ടിയിരിക്കുന്നു. ഗത്യന്തരമില്ലാതായപ്പോൾ റഷ്യയിൽനിന്നു നിരുപാധികമായി ലഭിച്ച യുദ്ധസാമഗ്രികൾ വാങ്ങി സൂക്ഷിച്ചുവെച്ചു, സ്വരാജ്യത്തിന്റെ രാജ്യരക്ഷാസജ്ജീകരണത്തെ സുഭദ്രമാക്കിയിട്ടുള്ള വസ്തുത പ്രത്യേകം ഓർമ്മപ്പെടുത്തിക്കൊണ്ടു മററുള്ളവരെ പേടിച്ചിരിക്കത്തക്ക ഒരു സ്ഥിതി അവർക്കിപ്പോൾ അവശേഷിക്കുന്നില്ലെന്നു അദ്ദേഹം തുറന്നുപറഞ്ഞു. കമ്യൂണിസ്റ്റായുധം കൈവശം വെക്കുന്നതുകൊണ്ടു്, ഒരു ജനത കമ്യൂണിസ്റ്റ്കാരായിപ്പോകുന്നില്ലെന്നും ആരുടെ ആയുധമായാലും അറബികളുടെ കൈയിൽ കിട്ടിയാൽപ്പിന്നെ അതു അറബി ആയുധമാണെന്നും വിശദീകിച്ചുകൊണ്ടു ഈജിപ്തുകാരും അവരുടെ പാർശ്വവർത്തികളായ അറബികളും ഒരിക്കലും കമ്യൂണിസ്റ്റ്ചേരിയിൽ ചേർന്നിട്ടില്ലെന്നു

മുള്ളപരമാൎത്ഥം അദ്ദേഹം പ്രത്യേകം എടുത്തുകാട്ടി. ഈ തുറന്നപ്രഖ്യാപനത്തോടുകൂടിയാണ് സൂയസ്സ്കനാലിനെ അദ്ദേഹം ദേശസാൽക്കരിച്ചതു്. പാശ്ചാത്യ വൻശക്തികളുടെ ഭീഷണിക്കോ പ്രേഷണിക്കോ വശംവദരായിപ്പോകത്തക്ക യാതൊരു പ്രതിർശക്തിയും ഇന്നു ഈജിപ്തിലില്ല.

മെൻസിസ് സംഘം പരാജയപ്പെട്ടതു മുമ്പു പറഞ്ഞുവല്ലോ. അതിനെത്തുടർന്നു പാശ്ചാത്യ വൻകോയ്മകൾ പിന്നെയും ഈജിപ്തിനെ പേടിപ്പിക്കാൻ തന്നെയാണ് ശ്രമിക്കുന്നതു്. സൂയസ്സ്കനാലിലെ ഗതാഗതമേലന്വേഷണത്തിന്നും കപ്പലുകളുടെ പക്കൽനിന്നു് ചുങ്കം പിരിക്കുന്നതിന്നും നേരിട്ടുനിശ്ചയിക്കുന്ന പൈലററമാരെക്കൊണ്ടു് കപ്പലോട്ടിക്കുന്നതിന്നുമായി ആംഗ്ലോ അമേരിക്കൻ ഫ്രഞ്ച് വൻശക്തികളുടെ പ്രതിനിധികളുൾക്കൊള്ളുന്ന ഒരുസമിതി രൂപവല്ക്കരിക്കാനാണ് ഇപ്പോൾ അവർ തീരുമാനമെടുത്തുകാണുന്നതു്. ഈ പദ്ധതി ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ഈഡൻ ബ്രിട്ടീഷ് പാർല്ലിമെണ്ടിന്റെ ആലോചനക്കുസമൎപ്പിച്ചപ്പോൾ ഒരു ചെറിയ ഭൂരിപക്ഷത്തോടുകൂടി മാത്രമേ അംഗീകരിക്കപ്പെട്ടിട്ടുള്ളു. ആ അംഗീകരണത്തിന്നായിത്തന്നെ സെക്യൂറിററി കൌൺസിലിനെ സമീപിച്ചു് നോക്കിയിട്ടല്ലാതെ ഈജിപ്തുമായി ഒരു കൂട്ടിമുട്ടലിന്നിടവരുത്തുന്നതല്ലെന്നു് പാർല്ലിമെണ്ടിൽവെച്ചുതന്നെ അദ്ദേഹത്തിന്നു് പ്രഖ്യാപിക്കേണ്ടിവന്നു. ഫ്രാൻസാവട്ടെ ഫ്രഞ്ച്നാഷനൽ അസംബ്ലിയോടു് അഭിപ്രായം ചോദിച്ചിട്ടേയില്ല. പ്രസംഗംകൊണ്ടും പ്രസ്താവനകൊണ്ടുമല്ലാതെ പ്രവൃത്തികൊണ്ടു പ്രകോപനത്തെ നേരിടുന്നതിന്നു തങ്ങളൊരിക്കലും ഒരുക്കമില്ലെന്നു് അമേരിക്കയുടെ പ്രസ്താവനകൾ

തുറന്നുകാട്ടുന്നു. ദീർഘകാലമായി ഏഷ്യയിൽ സംഭരിച്ചുവെച്ച കൂട്ടുകെട്ട് നഷ്ടപ്പെട്ടുമെന്ന കാരണത്താൽ പ്രകോപനാവസ്ഥയെ ആസ്ട്രേലിയൻ പ്രധാനമന്ത്രിയും ശങ്കിച്ചുതുടങ്ങി. മുസ്ലിം രാഷ്ട്രങ്ങളിൽ മുൻഗണന അർഹിക്കുന്ന പാക്കിസ്ഥാന്ന് അമേരിക്കയുമായി സൈനികകരാറുണ്ടെങ്കിൽക്കൂടി ഈജിപ്തിന്നെതിരായ അക്രമനടപടിയെ സംബന്ധിച്ച അതൃപ്തിയാണ് കാണുന്നതു്. സമിതി രൂപവൽക്കരണത്തിന്നു സഹകരണം നേടാനായി ഈ ബുധനാഴ്ച മുതല്ക്കു് ലണ്ടനിൽ നടന്ന 18 രാഷ്ട്രങ്ങളുടെ രണ്ടാം കോൺഫ്രൻസിൽ പാക്ക് പ്രതിനിധിയായി പങ്കുകൊണ്ട മി. ഫിറോസ്ഖാൻനൂൻ അക്രമനടപടികൾ പാക്കിസ്ഥാൻ എതിരാണെന്നു തുറന്നു പറഞ്ഞു. കനാൽജോലിക്കാരായ ആംഗ്ലോ ഫ്രഞ്ച് പൈലററുകളെക്കൊണ്ടു രാജിവെപ്പിച്ചതാണ് വൻശക്തികളുടെ മറെറാരടവു്. പഴയ പൈലററുകൾ കനാൽ വിട്ടതിനെത്തുടർന്നു ഈജിപ്ത് പൈലററുകൾതന്നെ തൽസ്ഥാനത്തു ആഗതരായി കപ്പലുകളെ യഥാക്രമം ഗതാഗതം ചെയ്യിച്ചു. റഷ്യയിൽനിന്നു പതിനഞ്ചു് പൈലററുകൾ കനാലിൽ എത്തിക്കഴിഞ്ഞു. മററു പല രാജ്യങ്ങളിൽനിന്നും പൈലററുകൾ കനാൽ ജോലിക്കു സന്നദ്ധത പ്രകടിപ്പിച്ചിരിക്കുകയാണ്. പാശ്ചാത്യശക്തികളുടെ ഈ സമിതി രൂപവല്ക്കരണ പദ്ധതിയേയും, പൈലററുകളെ അവർ പെട്ടെന്നു മടക്കിവിളിച്ചുകൊണ്ടുപോയതിനെയും ഈജിപ്ത് കഠിനമായി എതിർക്കുന്നുണ്ടു്. കനാൽഗതാഗതം സുഗമമായിരിക്കുമെന്നു

കനാലുപയോഗിക്കുന്ന രാഷ്ട്രങ്ങൾക്കുറപ്പു നൽകുന്ന വിഷയത്തിൽ ലോകരാഷ്ട്രങ്ങളുടെ അഭിപ്രായമറിയാനായി ലണ്ടൻ കോൺഫ്രൻസിനേക്കാൾ കൂടുതൽ പ്രാതിനിദ്ധ്യമുള്ള മറെറാരു കോൺഫ്രൻസ് വിളിച്ചുകൂട്ടുന്നതിനെപ്പററി കർണ്ണൽ നാസിർ പല രാഷ്ട്രങ്ങൾക്കും കത്തുകളയച്ചിരിക്കുന്നു. റഷ്യ, ചൈന എന്നിവ അടക്കം പല രാഷ്ട്രങ്ങളും നാസിറിൻെറ ആ കോൺഫ്രൻസിൽ പങ്കുകൊള്ളാമെന്നു സമ്മതിച്ചിട്ടുണ്ട്. ധനശക്തി ആംഗ്ലോ ഫ്രഞ്ചമേരിക്കൻചേരിയിലാണെങ്കിൽക്കൂടി ജനശക്തി ഈജിപ്തിൻെറ ഭാഗത്താണ് കാണുന്നതു്. ആംഗ്ലോഫ്രഞ്ചുകാരും അമേരിക്കയും ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒരു സമിതിയുടെ പ്രവർത്തനത്തെ ഈജിപ്ത് കണ്ടു പൊറുക്കുകയില്ലെന്നു ജമാൽ അബ്ദുന്നാസിർ ഉടൻതന്നെ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയുമാണ്. സപ്തംബർ 19-ാംനു മുതൽ 21-ാംനു വരെ നടന്ന രണ്ടാമത്തെ ലണ്ടൻ കോൺഫ്രൻസ് അതു വിളിച്ചുകൂട്ടിയവരുടെ അഭീഷ്ടപ്രകാരമൊരു സമിതിയെ അനുകൂലിച്ചാൽതന്നെയും ആ സമിതി അക്രമത്തിലേക്കു വഴി തെളിയിക്കുന്നതല്ലെന്നും സുപ്രതീക്ഷാ മുനമ്പുവഴിക്കു ഗതാഗതം തിരിച്ചുവിട്ടുകൊണ്ടു ഒരു ബഹിഷ്കരണനയമായിരിക്കും സമിതി പിന്തുടരുകയെന്നുമാണ് കാണുന്നതു്. മലപോലെ വന്നതു മഞ്ഞുപോലെ പോയെന്നുതന്നെ വിചാരിക്കാം.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 910 *Acc. No.* 13641

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 1 OCT 1966 | 24 NOV 2006 | |
| 10 OCT 1966 | 20 JUN 2006 | |
| 7 AUG 1967 | | |
| 30 JUL 1968 | | |
| 11 NOV 1988 | | |
| 6 DEC 1989 | | |
| 23 FEB 1990 | | |
| 3 FEB 1996 | | |
| 27 SEP 1997 | | |
| 1 SEP 1999 | | |
| 9 JUN 2000 | | |

M 910
~~13631~~
13641

കോഴിക്കോട്ടിരിവേലവി. ഒ. കെ. ചൊ.
സത്യഭൂഷ് കാരൻ

KOTTAYAM PUBLIC LIBRARY

Call No. M910 Acc. No. 13641

Author [illegible]

Title [illegible]